# കോട്ടയം രൂപതയുടെ
# എൻഡോഗമി ആചരണം

## ആരോപണങ്ങളും കോടതിവിധിയും

**ഹർജിക്കാരുടെ വാദമുഖങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള,**
**കോട്ടയം അഡീഷണൽ സബ്കോടതിയുടെ**

## വിധിയുടെ പ്രസക്തഭാഗങ്ങൾ


തയ്യാറാക്കിയത്:

**ലൂക്കോസ് മാത്യു കെ.**

(ജനറൽ സെക്രട്ടറി, ക്നാനായ കത്തോലിക്കാ നവീകരണസമിതി)

മൊബൈൽ: 9447507584

കോട്ടയം



07-06-2021

# I

## ഹർജിക്കാരും ആരോപണങ്ങളും

രണ്ടായിരം വർഷത്തെ ചരിത്രവും 123 കോടി അംഗങ്ങളുമുള്ള, ഈ ഭൂഗോളത്തിലെ ഏറ്റവും ഭീമവും പുരാതനവുമായ കത്തോലിക്കാസഭയിലെ അംഗങ്ങളോ സ്ഥാപനങ്ങളുടെ അധികാരികളോ ആണ് ഈ കേസിലെ ഹർജിക്കാരും പ്രതികളും. കത്തോലിക്കാ സഭ ഏകവും വിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമാണെന്ന് ഇരുകൂട്ടരും വിശ്വസിക്കുന്നു. പക്ഷേ, ഈ സഭയിൽ ഒരു അവിശുദ്ധ ഇടപാട് തുടരുന്നുണ്ട്. അന്യരൂപതയിലെ വ്യക്തിയുമായുള്ള വിശുദ്ധ വിവാഹബന്ധത്തിലൂടെ ഒരു വ്യക്തി സ്വന്തം രൂപതയിൽനിന്ന് നിഷ്കാസനം ചെയ്യപ്പെടുന്നു!

### വിവാഹം കൂദാശയാണ്

ഹർജിയിലെ ഇരുകക്ഷികളും വിശ്വസിക്കുന്നത്, വിവാഹം യേശുക്രിസ്തു സ്ഥാപിച്ച ഏഴു കൂദാശകളിൽ ഒന്നാണെന്നാണ്. എന്നിട്ടും കോട്ടയം രൂപതയിലെ ഒരംഗം മറ്റൊരു രൂപതയിലെ അംഗവുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടാൽ സ്വന്തം രൂപതയിലുള്ള അയാളുടെ അംഗത്വം നഷ്ടപ്പെടുന്നത് കിരാതവും നിയമവിരുദ്ധവും ഹീനവും പക്ഷപാതപരവും ഭരണഘടനാവിരുദ്ധവും അധാർമ്മികവും മനുഷ്യത്വരഹിതവുമായ ഒരു പ്രവൃത്തിയാണ്. അതുകൊണ്ട് ഈ ഹർജിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇവയാണ്:-

a) കോട്ടയം രൂപതയ്ക്കു വെളിയിലുള്ള രൂപതകളിൽ നിന്ന് വിവാഹിതരായതിന്റെ പേരിൽ രൂപതാ അംഗത്വം നഷ്ടപ്പെട്ടവരെ തിരികെ രൂപതയിൽ കൊണ്ടുവരിക.

b) ഇതര കത്തോലിക്കാരൂപതകളിൽ നിന്നു വിവാഹപങ്കാളികളെ കണ്ടെത്തിയതിന്റെ പേരിലുള്ള കിരാതനടപടികൾക്ക് അറുതിവരുത്തുക.

c) വിവേചനവും വിദ്വേഷവുമില്ലാത്ത ഒരു സമൂഹമായി കോട്ടയം രൂപതയെ മാറ്റിയെടുക്കുക.

d) ജാതിതിരിച്ചുള്ള പരിപാടികൾ ഉപേക്ഷിച്ച് ആത്മാക്കളുടെ രക്ഷമാത്രം മുന്നിൽക്കണ്ടുള്ള പ്രവർത്തനങ്ങൾക്ക് രൂപംകൊടുക്കുക.

e) സ്വവംശവിവാഹനിഷ്ഠ ഉപേക്ഷിക്കുക.

### എൻഡോഗമി - കാനൻ നിയമത്തിന് എതിരാണ്

കത്തോലിക്കാസഭയുടെ അംഗങ്ങൾ റോമാ മാർപാപ്പായുടെ കീഴിൽ സംഘടിതരാണ്. ആഗോളതലത്തിൽ കത്തോലിക്കരുടെ പരമാധികാരിയാണ് മാർപാപ്പാ. അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണമാണ് പ്രാദേശികസഭകളെല്ലാം പ്രവർത്തിക്കുന്നത്. വിശ്വാസവും അനുബന്ധകാര്യങ്ങളും അഭംഗുരം സംരക്ഷിക്കുകയാണ് പ്രാദേശിക സഭകളുടെ ലക്ഷ്യം. കൂദാശകളെ സംബന്ധിച്ചുള്ള കത്തോലിക്കാസഭയുടെ നിയമാവലിയാണ് കാനൻ നിയമം. എന്നാൽ, അന്യരൂപതകളിലെ വ്യക്തികളുമായി വിവാഹബന്ധം സ്ഥാപിക്കുന്ന വ്യക്തികളെ സ്വന്തം രൂപതയിൽനിന്ന് പുറത്താക്കണമെന്ന് ഒരു കാനൻ നിയമവും നിർദ്ദേശിക്കുന്നില്ല.

### മൗലികാവകാശത്തിന്റെ ലംഘനമാണ്

മാത്രമല്ല, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിച്ചത്, എല്ലാത്തിന്റെയും അടിസ്ഥാനശില കുടുംബമാണെന്നും, ഒരു കാരണവശാലും കുടുംബം ശിഥിലമാക്കരുതെന്നുമാണ്. ഒരു നല്ല കുടുംബത്തിന്റെ ലക്ഷണം ഐക്യവും കെട്ടുറപ്പുമാണ്. ഈ ഐക്യവും കെട്ടുറപ്പും നശിപ്പിക്കത്തക്കവിധത്തിൽ വിവാഹബന്ധത്തിൽ പ്രതികൂലമായി ഇടപെടുന്നവരെ ക്രിസ്തുവിന്റെ പ്രതി

നിധികളോ കാനൻ നിയമത്തിനു വിധേയരോ ആയി കണക്കാക്കാനാവില്ല. കോട്ടയം രൂപത നടപ്പാക്കിക്കൊണ്ടിരിക്കുന്ന നിർബന്ധിത സ്വവംശവിവാഹനിഷ്ഠ യേശുക്രിസ്തുവിന്റെയും കത്തോലിക്കാസഭയുടെയും നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. ക്രിസ്തീയ ധാർമ്മികതയ്ക്കും ഐക്യത്തിനും എതിരാണ്. ഇന്ത്യൻ ഭരണഘടനയ്ക്കെതിരായ ഈ കൃത്യം അടിസ്ഥാന പൗരാവകാശങ്ങളുടെയും മൗലിക അവകാശങ്ങളുടെയും ലംഘനവുമാണ്.

ക്രിസ്തുമതത്തിൽ ജാതിവ്യവസ്ഥയില്ല. മാമ്മോദീസാവഴി ക്രിസ്തുവിന്റെ അനുയായികളായിത്തീർന്നവരെല്ലാം സഹോദരീസഹോദരന്മാരാണെന്നുള്ളത് ക്രിസ്തുമതത്തിന്റെ അടിസ്ഥാന പ്രമാണമാണ്. ദൈവത്തിന്റെ മുമ്പിൽ ഏവരും തുല്യരാണ്. ജാതിയുടെയോ വർഗ്ഗത്തിന്റെയോ നിറത്തിന്റെയോ ലിംഗത്തിന്റെയോ പേരിൽ വിഭാഗീയതകൾ പാടില്ല. കോട്ടയം രൂപത ചെയ്യുന്നത്, അന്യരൂപതകളിൽനിന്ന് വിവാഹബന്ധം സ്ഥാപിച്ചവരെയെല്ലാം നിർദ്ദാക്ഷിണ്യം പുറത്താക്കുകയാണ്; ആ വിവാഹബന്ധങ്ങൾ വീട്ടുകാർക്കു സ്വീകാര്യമാണെങ്കിൽപോലും.

## എൻഡോഗമിയുടെ ദുരനുഭവങ്ങൾ

ഈ ക്രൂരകൃത്യത്തിന്റെ വ്യക്തിപരവും സാമൂഹികവുമായ അനന്തരഫലങ്ങൾ ദയനീയമാണ്. പുറത്താക്കപ്പെട്ട വ്യക്തിക്കു പോകാൻ മറ്റൊരിടമില്ല. വ്യക്തിഹത്യയ്ക്കടിപ്പെട്ട മിക്കവരും ക്രിസ്ത്യൻ വിശ്വാസത്തെത്തന്നെ ചോദ്യംചെയ്തുതുടങ്ങുന്നു. പുറത്താക്കപ്പെട്ട ചിലരെങ്കിലും ഭാഗ്യമുണ്ടെങ്കിൽ അടുത്ത ഇടവകയിൽ, വികാരി പറയുന്ന ഫീസടച്ച് അംഗമാകും. ആത്മീയമായി അനാഥരാക്കപ്പെട്ട ഇവർക്ക്, സ്വന്തം മാതാപിതാക്കളെ സംസ്കരിച്ച കല്ലറയിൽ അടക്കപ്പെടാൻപോലും ഭാഗ്യമില്ലാത്തവരായി മാറുന്നു. ദത്തെടുത്ത കുഞ്ഞുങ്ങൾക്കും ഇടവക അംഗത്വം നൽകുന്നില്ല. തങ്ങളെ ദത്തെടുത്ത മാതാപിതാക്കളുടെ സ്വത്തിൽ അവർക്ക് അവകാശമുണ്ടെങ്കിലും ഇടവകയിൽ അവർക്ക് അവകാശമൊന്നും അനുവദിക്കപ്പെടുന്നില്ല. വിശ്വാസത്തിന്റെ പേരിലാണ് ഈ കൃത്യങ്ങളെല്ലാം നടക്കുന്നത് എന്നോർക്കണം! എന്നാൽ, കത്തോലിക്കാവിശ്വാസം കാത്തുസൂക്ഷിക്കേണ്ടവർ വെറും മൂകരായ ദൃക്സാക്ഷികളായി നിലകൊള്ളുന്നു.

സ്വവംശത്തിൽനിന്നു അനുയോജ്യരായ പങ്കാളികളെ ലഭിക്കാത്തതിനാൽ അവിവാഹിതരായി കഴിയുന്ന 35 വയസുകഴിഞ്ഞവരുടെ എണ്ണം പെരുകുകയാണ്. രൂപതയുടെ ക്രൂരമായ ഇടപെടൽ ഭയന്ന് അവർ അന്യരൂപതയെ അഭയം പ്രാപിക്കുന്നില്ല. അന്യരൂപതയിൽനിന്ന് കണ്ടെത്തിയ ജീവിതപങ്കാളി മരിച്ചാൽ, ജീവിച്ചിരിക്കുന്നയാൾക്ക് സ്വവംശത്തിലേക്കു തിരിച്ചുവരാനും വേറെ പങ്കാളിയെ കണ്ടെത്താനും അവകാശമുണ്ട്. പക്ഷേ, ആദ്യബന്ധത്തിലെ കുട്ടികളെ രൂപത അംഗീകരിക്കില്ല. ഇത്തരം ദുരിതങ്ങളിൽപെട്ടുഴലുന്നവർ കോട്ടയം രൂപതയിൽ നിരവധിയാണ്.

## ദൈവികനിയമത്തിന്റെ നിഷേധം

കൂദാശകളെ സംബന്ധിച്ച കത്തോലിക്കാസഭാ നിയമങ്ങളെല്ലാം ദൈവികനിയമം, അതായത് ക്രിസ്തുവിന്റെ ഉപദേശങ്ങളും ശ്ലീഹന്മാരുടെ നടപടിക്രമങ്ങളും അടിസ്ഥാനമാക്കിയുള്ളതാണ്. ബൈബിളാണ് കത്തോലിക്കാസഭയുടെ സമുന്നത നിയമം. കാനൻ നിയമം പിന്നാലെ വരുന്നതാണ്. രക്തശുദ്ധിവാദവും അംഗങ്ങളെ പുറത്താക്കലും ദൈവികനിയമത്തിന്റെ വ്യക്തമായ നിഷേധമാണ്. (Ref. മത്താ. 15:7-9; 19:4-6; യോഹ. 6:37-40; 13:34-35; 17:21-23; ഗാല. 3:28; കൊളോ. 3:11-13)

ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 25 പൗരന്മാരുടെ മതസ്വാതന്ത്ര്യം ഉറപ്പാക്കുന്നുണ്ട്. ഭരണഘടന ഓരോ പൗരനും ഉറപ്പാക്കുന്ന പൗരാവകാശവും മൗലികാവകാശവും നിഷേധിക്കാൻ ഈ രാജ്യത്ത് ആർക്കും അധികാരമില്ല.

രക്തശുദ്ധി വാദത്തിന്റെ പേരിൽ രൂപതയിൽ നിന്ന് ആളുകളെ പുറത്താക്കുന്നതിന് കോട്ടയം

രൂപതാധികൃതർ മുന്നോട്ടുവയ്ക്കുന്ന ഒരു പ്രധാനകാര്യം തെക്കുംഭാഗർക്കുവേണ്ടി കോട്ടയം രൂപത സ്ഥാപിച്ചുകൊണ്ട് പത്താം പീയൂസ് പാപ്പാ പുറപ്പെടുവിച്ച പേപ്പൽ ബൂളായാണ്. 1911-ൽ ഇറക്കിയ ഈ ബൂളാ എൻഡോഗമിക്ക് അനുകൂലമാണെന്നും രക്തശുദ്ധി പാലിക്കാത്തവരെ രൂപതയിൽനിന്നു പുറത്താക്കാനുള്ള അനുവാദം അതു നൽകുന്നുണ്ടെന്നുമാണ് വാദം. പക്ഷേ, ഈ വാദം തികച്ചും തെറ്റാണ്; വസ്തുതകൾക്കും നിയമത്തിനും വിരുദ്ധവുമാണ്. രൂപതകളെ അടയാളപ്പെടുത്തിക്കൊണ്ടുള്ള ബൂള ഒരിക്കലും കൂദാശകളുടെ നിയമം മറികടക്കാൻ പ്രേരിപ്പിക്കില്ല. കൂദാശകളെ സംബന്ധിച്ചുള്ള നിയമാവലി ദൈവികനിയമവും കാനൻ നിയമവുമാണ്. അതുകൊണ്ട് പുതിയ രൂപതയ്ക്ക് രൂപംകൊടുത്തുള്ള ബൂളയ്ക്ക് വിവാഹം എന്ന കൂദാശയുടെ നിയമത്തിന്മേൽ യാതൊരു അധികാരവുമില്ല. ബൂള, ഭരണപരമായ ഒരു തീരുമാനം മാത്രമാണ്; വിവാഹം പോലുള്ള കൂദാശയെ നിയന്ത്രിക്കാനുള്ള നിയമം അതിന്റെ വിഷയമല്ല.

## പേപ്പൽ ബൂള - എൻഡോഗമിക്കുള്ള സമ്മതപത്രമല്ല

ചങ്ങനാശ്ശേരി, കോട്ടയം രൂപതകളിലെ തെക്കുംഭാഗരും വടക്കുംഭാഗരും തമ്മിലുള്ള തർക്കം അവസാനിപ്പിച്ച് സമാധാനം സ്ഥാപിക്കാനാണ് 1911-ലെ ബൂളാവഴി പാപ്പാ ശ്രമിച്ചത്. അതു ഭരണപരമായ ഒരു തീരുമാനമായിരുന്നു. ഒരു വിഭാഗം ജനങ്ങളുടെമേൽ എൻഡോഗമി അടിച്ചേല്പിക്കാനുള്ള ശ്രമമായിരുന്നില്ല. അന്യരൂപതയിൽനിന്ന് ജീവിതപങ്കാളികളെ തിരഞ്ഞെടുത്തവരെയെല്ലാം പുറത്താക്കാനുള്ള അധികാരം ബൂളാ ആർക്കും നൽകുന്നില്ല. അഥവാ അതിനുള്ള അധികാരമുണ്ടെന്നാണെങ്കിൽ ചങ്ങനാശ്ശേരി ബിഷപ്പിനും ആ അധികാരമുണ്ടല്ലോ. ഏതായാലും, ആ വ്യാഖ്യാനം അടിസ്ഥാനരഹിതമാണ്. ജനങ്ങളുടെ സ്വസ്ഥമായ ജീവിതമല്ലാതെ, അവരുടെ സ്വൈരം കെടുത്തുന്ന സാങ്കല്പിക രക്തശുദ്ധിവാദത്തിലേക്ക് അവരെ വലിച്ചിഴയ്ക്കാൻ പാപ്പാ ഉദ്ദേശിച്ചിട്ടില്ല. അന്യരൂപതകളിൽനിന്ന് വിവാഹബന്ധം പാടില്ലെന്നോ, അഥവാ, വിവാഹം ചെയ്താൽ പുറത്താക്കണമെന്നോ ഉള്ള വ്യാഖ്യാനങ്ങൾ അസത്യവും കത്തോലിക്കാ പഠനങ്ങൾക്കും പോപ്പിന്റെ ഉദ്ദേശ്യങ്ങൾക്കും കടകവിരുദ്ധവുമാണ്.

ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷനായിരുന്ന ബിഷപ്പ് മാക്കിലിനെയാണ് പ്രഥമ കോട്ടയം രൂപതാദ്ധ്യക്ഷനാക്കിയത്. അന്യരൂപതയിൽനിന്നു വിവാഹിതരായ ആരെയും അദ്ദേഹം പുറത്താക്കിയില്ല. മാത്രമല്ല, 1911-ലെ പേപ്പൽ ബൂള എൻഡോഗമി നടപ്പാക്കാനുള്ള അധികാരം നൽകുന്നില്ലെന്നുള്ള 1990-ലെ കോട്ടയം മുൻസിഫ് കോടതിവിധിയും നിലവിലുണ്ട്.

### പത്താം പീയൂസ് പാപ്പാ ബൂളാ ഇറക്കിയതിന്റെ വിശദീകരണം:

ക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യരിൽ ഒരാളായ വി. തോമായാണ് ഇന്ത്യയിൽ ക്രിസ്തീയ വെളിച്ചം എത്തിച്ചതെന്നാണല്ലോ പാരമ്പര്യം. എ.ഡി. 52-ലാണ് തോമ്മാ കേരളത്തിലെത്തിയത്. എന്നാൽ, നാലാം നൂറ്റാണ്ടോടുകൂടി വിവിധ കാരണങ്ങളാൽ സഭ ദുർബലമായി. ഈ സമയത്താണ് ക്നായി തൊമ്മന്റെ നേതൃത്വത്തിൽ ഒരു വലിയ സംഘം കേരളത്തിൽ, കൊടുങ്ങല്ലൂര് എത്തുന്നത്. ഏഴു ഗോത്രത്തിൽപ്പെട്ട 72 കുടുംബങ്ങളിൽ നിന്ന് നാനൂറോളംപേർ. മിഷൻപ്രവർത്തനം അവരുടെ മുഖ്യവിഷയമായിരുന്നതിനാൽ അവർ നാട്ടുകാരുമായി നല്ല സൗഹൃദത്തിലാകുകയും വിവാഹബന്ധത്തിലേർപ്പെടുകയും ചെയ്തു. അവരെയൊന്നും തിരിച്ചറിയാനുള്ള ഒരു മാർഗ്ഗവും ഇന്നില്ല. ക്നായി തൊമ്മൻ പോലും ഇവിടെ നിന്ന് ഒരു ഹിന്ദുസ്ത്രീയെ വിവാഹം ചെയ്തെന്നും അതിൽ മക്കളുണ്ടെന്നും ചരിത്രകാരന്മാർ പറയുന്നു. ഏതായാലും 16-ാം നൂറ്റാണ്ടു വരെ തെക്കുംഭാഗരും വടക്കുംഭാഗരും സെന്റ് തോമസ് ക്രിസ്ത്യാനികൾ എന്നപേരിൽ സഹവർത്തിത്വത്തിൽ കഴിഞ്ഞുപോന്നു.

പോർട്ടുഗീസുകാരുടെ വരവോടെയാണ് കാര്യങ്ങൾ മാറിമറിഞ്ഞത്. 1599-ലെ ഉദയംപേരൂർ

സൂനഹദോസോടെ ലത്തീൻ ആധിപത്യം പിടിമുറുക്കി. സഹികെട്ട ജനം 1653-ൽ പ്രതികരിച്ചു; അതായിരുന്നു കൂനൻകുരിശുസത്യം. അങ്ങനെ ജനങ്ങൾ ഈശോസഭയിൽപ്പെട്ട ബിഷപ്പുമാരെ ബഹിഷ്കരിച്ചു. ഉടനെ പോപ്പ് കർമ്മലീത്താക്കാരെ പരീക്ഷിച്ചു. എങ്കിലും, നാട്ടുമെത്രാന്മാരെ ലഭിക്കാനുള്ള ജനങ്ങളുടെ ശ്രമം വിജയിച്ചത് 1887-ലാണ്. സെന്റ് തോമസ് ക്രിസ്ത്യാനികൾക്ക് രണ്ടു രൂപതകൾ ലഭിച്ചു - കോട്ടയവും തൃശൂരും. 1895-ൽ കോട്ടയം രണ്ടായി - ചങ്ങനാശ്ശേരിയും എറണാകുളവും. തെക്കുംഭാഗക്കാരിൽ പ്പെട്ട മാർ മാത്യു മാക്കിൽ ചങ്ങനാശ്ശേരിയുടെ ബിഷപ്പായി. പിന്നീട് തെക്കുംഭാഗരും വടക്കുംഭാഗരും തമ്മിലുള്ള തർക്കം രൂക്ഷമായപ്പോൾ മൂന്ന് സീറോ മലബാർ ബിഷപ്പുമാരും ചേർന്ന് പത്താം പീയൂസ് പാപ്പായ്ക്കു നൽകിയ നിവേദനമനുസരിച്ചാണ് ചങ്ങനാശ്ശേരിയെ രണ്ടായി വിഭജിച്ചത്. അങ്ങനെ കോട്ടയം തെക്കുംഭാഗരുടേതായി. സഭയിൽ സമാധാനം സംസ്ഥാപിക്കുകയായിരുന്നു കോട്ടയം രൂപതാരൂപീകരണത്തിന്റെ ലക്ഷ്യം; എൻഡോഗമി പ്രോത്സാഹിപ്പിക്കുക ആയിരുന്നില്ല.

## ബൂള ദുർവ്യാഖ്യാനം ചെയ്തു

മാർ മാക്കിലിനുശേഷം കോട്ടയം ബിഷപ്പായ മാർ ചൂളപ്പറമ്പിലാണ് പേപ്പൽ ബൂള 1911 ദുർവ്യാഖ്യാനം ചെയ്ത്, അന്യരൂപതയിൽനിന്നു ജീവിതപങ്കാളികളെ കണ്ടെത്തിയവരെ പുറത്താക്കാൻ തുടങ്ങിയത്. എന്നാൽ, മാർ തോമസ് തറയിൽ ഇത്തരം ഹീനമായ നടപടി തുടർന്നില്ല. അദ്ദേഹത്തിനു പിന്നാലെ വന്ന മാർ കുര്യാക്കോസ് കുന്നശ്ശേരിയാണ് ക്നാനായ വംശീയചിന്തയെ ത്രസിപ്പിച്ചത്. അതോടെ കത്തോലിക്കാപഠനങ്ങളിൽ നിന്നകന്ന് വംശീയചിന്ത വളർന്നു. മണ്ണടിഞ്ഞ അക്രൈസ്തവ ആചാരങ്ങൾ പാരമ്പര്യത്തിന്റെ പേരും പറഞ്ഞ് മാന്തി പുറത്തിട്ടു. അങ്ങനെ, ക്നാനായ വംശീയവാദം ഉടലെടുത്തു.

മതപാഠശാലകളിലൂടെ ഈ വർഗ്ഗീയചിന്ത വളർന്നു. ക്നാനായ രക്തത്തിന്റെ സാങ്കല്പിക ശുദ്ധിയും ക്നാനായക്കാർക്ക് മറ്റുള്ളവരുടെ മേലുള്ള വംശീയാധിപത്യവും കുരുന്നുചിന്തയിൽ അടിച്ചുകയറ്റി. എൻഡോഗമിയെ എതിർത്ത യഥാർത്ഥ ക്രിസ്തുഅനുയായികളെ ക്നാനായ സമൂഹം പീഡിപ്പിച്ചു. മീറ്റിംഗുകളും സെമിനാറുകളും സംഘടിപ്പിച്ച് ക്നാനായരുടെ തലയിൽ വികട പാരമ്പര്യങ്ങൾ അടിച്ചേല്പിച്ച് അവരെ പുരോഹിത അടിമകളാക്കി. മാർ കുന്നശ്ശേരിക്കു പിമ്പേ വന്ന മാർ മാത്യു മൂലക്കാട്ട്, എൻഡോഗമി സമൂഹത്തിലും വിശ്വാസസഭയിലും ആവശ്യമാണെന്നും എന്നാൽ, അവ കൂട്ടിക്കുഴയ്ക്കരുതെന്നുമുള്ള മണ്ടൻ നിലപാടെടുത്തു.

ഏതായാലും, എൻഡോഗമി തെക്കുംഭാഗരുടെ സമൂഹത്തിലെ അലിഖിത നിയമമായിരുന്നെന്നു സ്ഥാപിക്കാനുള്ള യാതൊരു തെളിവുമില്ല. ലോകത്തിൽ വിവിധ ക്രൈസ്തവ-അക്രൈസ്തവ വംശീയമൂഹങ്ങളുണ്ടെങ്കിലും ആരും രക്തശുദ്ധി കർശനമായി പാലിക്കുന്നില്ല. കാലത്തിന്റെ തികവിൽ എല്ലാമെല്ലാം ആവശ്യങ്ങൾക്കും സുരക്ഷയ്ക്കും വഴിമാറിക്കൊടുത്തു. ഇന്ന് ആർക്കെങ്കിലും ക്നാനായ വ്യക്തിത്വം കാത്തുസൂക്ഷിക്കണമെന്നുണ്ടെങ്കിൽ അത് സ്വന്തം കുടുംബത്തിലോ തങ്ങളുടെ സുഹൃദ്വലയത്തിലോ മാത്രമേ സാധ്യമാകൂ. അവരുടെ വൃത്തികെട്ട താത്പര്യങ്ങൾ സംരക്ഷിക്കാൻ സഭയെ കൂട്ടുകിട്ടുകയില്ല.

# II

## പ്രതിപക്ഷവാദമുഖങ്ങൾ

നിയമപരമായും വസ്തുതാപരമായും ഈ ഹർജിക്കു നിലനില്പില്ല. അപ്പസ്തോലിക് നൂൺഷ്യോയ്ക്ക് നോട്ടീസ് കൈമാറാൻ നിയമം അനുവദിക്കുന്നില്ല. U.N.O. അംഗീകരിച്ച രാഷ്ട്ര മാണ് വത്തിക്കാൻ. വത്തിക്കാന്റെ ഒരു അംബാസിഡറാണ് നൂൺഷ്യോ. വിദേശ ഭരണാധികാരി കൾക്കോ അംബാസിഡർമാർക്കോ മറ്റു രാജ്യപ്രതിനിധികൾക്കോ എതിരെ ഹർജി ഫയൽചെയ്യു ന്നതിനുമുമ്പ് കേന്ദ്രഗവൺമെന്റിന്റെ രേഖാമൂലമുള്ള അനുവാദം വേണം. അതുകൊണ്ട് ഈ ഹർജി നിലനില്ക്കില്ല.

ഹർജിയുടെ മുഖ്യവിഷയം മതസ്വാതന്ത്ര്യം സംബന്ധിച്ചാണ്. ക്നാനായ കത്തോലിക്കരുടെ അതിരൂപതയായ കോട്ടയത്തിന് സ്വന്തം മതകാര്യങ്ങളിൽ ഇടപെടാനുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന അനുവദിച്ചിട്ടുള്ള മൗലിക സ്വാതന്ത്ര്യമാണ്. ക്നാനായ കത്തോലിക്കർ എന്നുപറ യുന്നത് സ്വന്തമായ വിശ്വാസാചാരങ്ങളുള്ള ഒരു പ്രത്യേക മതവിഭാഗമാണ്. കത്തോലിക്കാ സഭ യുടെ ഭാഗമാണെങ്കിലും പ്രത്യേക വിഭാഗമാണ്. അതുകൊണ്ടാണ് ക്നാനായ കത്തോലിക്കർക്കു വേണ്ടി മാത്രമായിട്ട് ഒരു അതിരൂപത സ്ഥാപിക്കപ്പെട്ടത്. അവരുടെ തനതായ വംശീയപാരമ്പര്യം കാത്തുസൂക്ഷിക്കാനായി സ്ഥാപിക്കപ്പെട്ട ഈ വിഭാഗം അറിയപ്പെടുന്നത് ക്നാനായക്കാർ അഥവാ തെക്കുംഭാഗർ എന്നാണ്. 1955-ലെ ചാരിറ്റബിൾ സൊസൈറ്റി ആക്ടുപ്രകാരം രജിസ്റ്റർ ചെയ്തി ട്ടുള്ള സൊസൈറ്റിയാണ്. അതുകൊണ്ട് ഹർജി ഒരുവിധത്തിലും നിലനിൽക്കുന്നതല്ല.

അന്യരൂപതയിൽനിന്ന് ജീവിതപങ്കാളിയെ കണ്ടെത്തിയതിന്റെ പേരിൽ ആരുടെയും അംഗത്വം കോട്ടയം അതിരൂപത വെട്ടുന്നില്ല. എൻഡോഗമി ക്നാനായ സമൂഹത്തിന്റെ ആചാരവും പാരമ്പ ര്യവുമാണ്. ക്നാനായ വംശം ഒരു വ്യത്യസ്ത പാരമ്പര്യത്തിനുടമയാണ്. എൻഡോഗമി എന്ന ആചാരം അവരുടെ മൗലികാവകാശമാണ്. ഒരു പ്രത്യേക വംശത്തിൽനിന്നോ വർഗത്തിൽനിന്നോ ഗോത്രത്തിൽനിന്നോ മാത്രം ജീവിതപങ്കാളിയെ കണ്ടെത്തുന്നതാണ് എൻഡോഗമി. വിവാഹം വഴി ഒരു അകത്തോലിക്കന് കത്തോലിക്കനാകാൻ കഴിയില്ല. എൻഡോഗമി ക്നാനായ സമൂഹ ത്തിന്റെ മാത്രം സംസ്കാരമാണ്. അവർ ഒരിക്കലും അന്യസമൂഹങ്ങളിൽനിന്ന് വിവാഹം ചെയ്തി ട്ടില്ല. അവരെന്നും ശുദ്ധരക്തപാരമ്പര്യം കാത്തുസൂക്ഷിച്ചു. ഈ പാരമ്പര്യമാണ് ഇന്നും ക്നാനാ യരെ വേറിട്ടുനിറുത്തുന്നത്. പതിനാറര നൂറ്റാണ്ട് കാത്തുസൂക്ഷിച്ച പാരമ്പര്യം ഇന്നും തുടരുന്നു. എൻഡോഗമി ക്നാനായ സമൂഹത്തിന്റെ അവിഭാജ്യപാരമ്പര്യവും ആചാരവുമാണ്.

ദക്ഷിണ മെസപ്പൊട്ടേമിയയിൽ നിന്ന് എ.ഡി. 345-ൽ ക്നായി തൊമ്മന്റെ നേതൃത്വത്തി ലാണ് യഹൂദക്രിസ്ത്യാനികൾ ആദ്യമായി കൊടുങ്ങല്ലൂരെത്തിയത്. അന്നുവന്ന 72 കുടുംബങ്ങ ളുടെ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നവരാണ് ക്നാനായർ; അഥവാ തെക്കുംഭാഗർ. ക്നായി തൊമ്മന്റെ വരവോടെയാണ് സെന്റ് തോമസ് ക്രിസ്ത്യാനികൾ തെക്കുംഭാഗരും വടക്കുംഭാഗരു മായി തിരിക്കപ്പെട്ടത്. ക്നായി തൊമ്മന്റെ പിൻഗാമികളായ തെക്കുംഭാഗർ എൻഡോഗമി അഭം ഗുരം തുടർന്നു. വടക്കുംഭാഗർ സെന്റ് തോമസ് ക്രിസ്ത്യാനികളായി തുടരുകയും ചെയ്തു. തെക്കരും വടക്കരും ഉൾപ്പെട്ട സെന്തോമസ് ക്രിസ്ത്യാനികൾ പൗരസ്ത്യസഭ എന്നറിയപ്പെട്ടു.

1911-ൽ രൂപംകൊണ്ട കോട്ടയം രൂപത ക്നാനായർക്കു മാത്രമായിരുന്നു; അതായത് ക്നാനായ മാതാപിതാക്കൾക്കു ജനിച്ചവർക്കുവേണ്ടി മാത്രം ഒരു രൂപത. 1923-ൽ സീറോ മലബാർ ഹയ രാർക്കി സ്ഥാപിക്കപ്പെട്ടപ്പോൾ കോട്ടയം രൂപതയെ എപ്പാർക്കിയായി ഉയർത്തി. പിന്നീട്, 1955-ൽ സീറോ മലബാർ സഭയുടെ പരിധി വികസിപ്പിച്ചപ്പോൾ, കോട്ടയം രൂപതാ ബിഷപ്പിന്റെ അധികാ

രപരിധിയും വികസിച്ചു. അതായത്, സീറോ മലബാർ സഭയുടെ അധികാരപരിധിയിലുള്ള എല്ലാ ക്നാനായരുടെയും അധികാരി കോട്ടയം രൂപതാ ബിഷപ്പായി. പൗരസ്ത്യസഭകളെ സംബന്ധി ച്ചുള്ള കാനൻ നിയമംതന്നെയാണ് കോട്ടയം രൂപതയ്ക്കും ബാധകം. കൂടാതെ, സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങളും കോട്ടയം അതിരൂപതയുടേതു മാത്രമായ പ്രത്യേക നിയമങ്ങളു മുണ്ട്. കോട്ടയംകാർ ക്നായി തൊമ്മന്റെ പാരമ്പര്യത്തിൽപെട്ട് ക്നാനായരായതിനു മുഖ്യകാ രണം എൻഡോഗമിയാണ്.

ക്നാനായരായ മാതാപിതാക്കൾക്കു ജനിച്ച കുട്ടികൾ മാത്രമേ ക്നാനായരാകൂ. ഇതിനു വിപരീതമായി, ഒരു ക്നാനായൻ മറ്റൊരു രൂപതയിൽനിന്നു ജീവിതപങ്കാളിയെ തിരഞ്ഞെടുത്താൽ, അതോടെ ആ കുടുംബം ക്നാനായ കുടുംബം അല്ലാതാകുന്നു. ഈ സാഹചര്യത്തിൽ ആ കുടുംബം ക്നാനായ സമൂഹം ഉപേക്ഷിച്ച് വേറെ സമൂഹത്തിൽ ചേരാൻ അനുവാദം ചോദിക്കു ന്നു. പിന്നീട്, ഏതെങ്കിലും സാഹചര്യത്തിൽ ആ ബന്ധം അവസാനിച്ചാൽ, മറ്റ് നിയമപ്രശ്നമൊ ന്നുമില്ലെങ്കിൽ തിരികെ ക്നാനായ സമൂഹത്തിലേക്കു വരാനും അവർക്കു കഴിയും. അതിനാൽ, ക്നാനായ സഭയിലെ അംഗത്വം, ക്നാനായ മാതാപിതാക്കളിൽ നിന്നു ജനിച്ചവർക്കു മാത്രമുള്ള ഒരു ജന്മാവകാശമാണ്. എ.ഡി. 345 മുതൽ ഈ പാരമ്പര്യം മുടങ്ങാതെ തുടർന്നുവരുന്നു.

പൗരന്മാരുടെ വംശീയപാരമ്പര്യം അഭംഗുരം തുടരാൻ രാഷ്ട്രം അനുകൂല സാഹചര്യങ്ങൾ അവർക്കു നൽകേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 29 ഏതൊരു ഇന്ത്യൻ പൗര ന്റെയും പരമ്പരാഗതമായ ഭാഷയും സംസ്കാരവും അഭംഗുരം തുടരാനുള്ള സ്വാതന്ത്ര്യം ഉറപ്പാ ക്കുന്നുണ്ട്. അതിനാൽ, എൻഡോഗമി തുടരാനുള്ള ക്നാനായരുടെ സ്വാതന്ത്ര്യം നിഷേധിക്കു ന്നത്, ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലികസ്വാതന്ത്ര്യത്തിന്റെ ലംഘനമാണ്.

കത്തോലിക്കാസഭയിൽ വിവാഹം ഒരു കൂദാശയാണ്; അതിനാൽ അത് മതപരമായ ഒരാ ചാരമാണ്. മതവുമായി ബന്ധപ്പെട്ടതോ മതാചാരമോ ആയ പ്രവൃത്തി സിവിൽ കോടതിയുടെ അധികാരപരിധിയിലല്ല. ആചാരം സഭാനിയമത്തിന്റെ ഭാഗമാണ്. നിലവിലെ കാനൻ നിയമത്തിനു വിരുദ്ധമാണെങ്കിലും, ഭാഗികമായി മാത്രം കാനൻ നിയമത്തോടു ചേരുന്നുണ്ടെങ്കിൽ 30 വർഷത്തെ ആചരണംകൊണ്ട് അതിനു നിയമത്തിന്റെ സാധുത ലഭിക്കുന്നു. ക്നാനായ സമൂഹം പതിനേഴു നൂറ്റാണ്ട് അഭംഗുരം തുടർന്ന ഒരാചാരമാണ് എൻഡോഗമി.

പുതിയ നിയമത്തിലും എൻഡോഗമി ആചരണത്തെ അപലപിക്കുന്നില്ല. വംശീയപാരമ്പര്യ ത്തിന് അനുകൂലമായ ഭാഗങ്ങളുണ്ടുതാനും. റോമ. 9:3-5; 1 പീറ്റർ. 2:9. യഹൂദ ക്രിസ്ത്യാനിക ളെയും പുറജാതികളെയും തിരിച്ചറിയാനുള്ള ഒരു മാർഗ്ഗംകൂടിയായിരുന്നു എൻഡോഗമി ആചാ രം. പഴയനിയമത്തിലും എൻഡോഗമിയെ പിന്തുണയ്ക്കുന്ന പല ഭാഗങ്ങളുണ്ട് - എസ്ര. 9, നെഹ. 9:2; 10:31, 13:25. ഇത്തരം ബൈബിൾ ഭാഗങ്ങൾ വ്യക്തമാക്കുന്നത്, രക്തശുദ്ധിവാദം ക്രിസ്തു വിന്റെയോ കത്തോലിക്കാസഭയുടെയോ പഠിപ്പീരിന് വിരുദ്ധമല്ലെന്നാണ്. എൻഡോഗമി ആചരണം ഭരണഘടനയ്ക്കും എതിരല്ല; മൗലികാവകാശമാണ്. ഏതൊരു ക്നാനായനും ക്നാനായനല്ലാ ത്തവരെ വിവാഹം ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. പക്ഷേ, അവരുടെ പങ്കാളിയെയോ മക്കളെയോ ക്നാനായരായി കരുതുകില്ലെന്നു മാത്രം. ക്നാനായരായ ദമ്പതികളുടെ മക്കൾ മാത്രമേ ക്നാനാ യരായി അംഗീകരിക്കപ്പെടുകയുള്ളു.

ഒരു ക്നാനായന് മറ്റേതു രൂപതയിലും അംഗത്വം ലഭിക്കും. എന്നാൽ, ക്നാനായനല്ലെങ്കിൽ ആർക്കും കോട്ടയം രൂപതയിൽ അംഗത്വം ലഭിക്കുകയില്ല. ഇതിൽ ഒഴിവാക്കലിന്റെ പ്രശ്നമൊന്നു മില്ല. അന്യരൂപതയിൽനിന്നു ജീവിതപങ്കാളിയെ കണ്ടെത്തുന്നവരുടെയും കാര്യം ഇതുതന്നെ. കോട്ടയം രൂപത ഇക്കാര്യത്തിൽ നിസ്സഹായയാണ്. ഇത്തരം കാര്യങ്ങൾ വ്യക്തിപരമായ തീരുമാ നങ്ങളും തിരഞ്ഞെടുപ്പുമാണ്. എന്നാൽ, ഒരു രൂപതയിലെ അംഗത്വം ആത്മനിഷ്ഠമാണ് (sub-

jective). കൃത്രിമമായ മാർഗ്ഗം സ്വീകരിച്ചുള്ള പ്രജനനം, വ്യഭിചാരം, അവിഹിത ഗർഭധാരണം, മറ്റൊരാൾക്കുവേണ്ടി ഗർഭം ധരിച്ച് പ്രസവിച്ചു കുഞ്ഞിനെ നൽകൽ - ഒക്കെ സഭാപഠനങ്ങൾക്കു വിരുദ്ധമാണ്. ക്നാനായ സമൂഹത്തിനുവേണ്ടി ഒരു പ്രത്യേക രൂപത അനുവദിച്ചു നൽകിയത് പത്താം പീയൂസ് പാപ്പായാണ്. പോപ്പിന്റെ തീരുമാനം കാനൻ നിയമംകൊണ്ട് ചോദ്യംചെയ്യാനാവില്ല. കോട്ടയം അതിരൂപതയുടെ ആചാരങ്ങൾ കത്തോലിക്കാസഭയുടെ ദൈവികനിയമങ്ങൾക്ക് എതിരല്ല. ഇന്ത്യയിലെ ചില ക്രിസ്ത്യൻ സഭാവിഭാഗങ്ങളെ കേന്ദ്രഗവൺമെന്റുപോലും വ്യത്യസ്തമായ രീതിയിൽ പരിഗണിക്കുന്നുണ്ട്. ഉദാഹരണത്തിന് കേരളത്തിലെ ലത്തീൻ കത്തോലിക്കരെ അവശസമൂഹമായി പരിഗണിക്കുന്നുണ്ട്. കൂടാതെ, കേരള ഗവൺമെന്റിന്റെ അവശസമൂഹങ്ങളുടെ ലിസ്റ്റിൽ 35 അവശസമുദായങ്ങളുണ്ട്. ഇക്കൂട്ടത്തിൽ കത്തോലിക്കരും ഉൾപ്പെടുന്നുണ്ട്; അവർക്ക് അവശർക്കുള്ള ആനുകൂല്യവും ലഭിക്കുന്നുണ്ട്. പിന്നോക്കസമുദായമായി കണക്കാക്കപ്പെടുന്നുണ്ടെങ്കിലും നാടാർ ക്രിസ്ത്യാനികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അവർക്കു പിന്നോക്കക്കാർക്കുള്ള ആനുകൂല്യം ലഭിക്കാൻ സീറോ മലബാർ സഭയും സീറോ മലങ്കരസഭയും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ക്നാനായ സമൂഹം ഒരു ജാതിയല്ല, വംശമാണ്. വംശീയപാരമ്പര്യമുള്ള സമൂഹങ്ങളെ U.N.O.യും ഇന്ത്യൻ ഭരണഘടനയും അംഗീകരിക്കുന്നുണ്ട്. ഒരു സമൂഹത്തിൽ അംഗമാകാൻ ആ സമൂഹത്തിന്റെ നിയമങ്ങൾ പാലിക്കേണ്ടതുണ്ട്. ആ സമൂഹത്തെ നിഷേധിക്കുന്നവരുടെ നിർബന്ധത്തിനു വഴങ്ങി അംഗത്വം നൽകാനാവില്ല. ക്നാനായനല്ലാത്ത ഒരു വ്യക്തിക്ക് കോട്ടയം അതിരൂപതയിൽ അംഗത്വം നൽകണമെന്ന് നിർബന്ധിക്കാൻ ആർക്കും അവകാശമില്ല.

തെക്കുംഭാഗർ, യഹൂദപാരമ്പര്യം കാത്തുസൂക്ഷിക്കുന്ന സമൂഹമാണ്. സ്വവംശവിവാഹനിഷ്ഠ അവരുടെ വംശീയമുദ്രയാണ്. എന്നാൽ, വടക്കുംഭാഗർക്ക് ഇത്തരം അവകാശവാദമൊന്നുമില്ല. വ്യത്യസ്ത ജാതികളുടെയും വർഗ്ഗങ്ങളുടെയും ഒരു സങ്കരമാണത്. കോട്ടയം അതിരൂപതയ്ക്ക് അതിന്റെ അച്ചടക്കവും ഐക്യവും കാത്തുസൂക്ഷിക്കാനുള്ള അധികാരവും അവകാശവുമുണ്ട്. സമൂഹവിരുദ്ധരെ ഒഴിവാക്കിയേ ആ സമൂഹത്തിന്റെ വിശുദ്ധിയും കെട്ടുറപ്പും സംരക്ഷിക്കാനാവൂ.

എ.ഡി. 345-ൽ ക്നായി തൊമ്മന്റെ നേതൃത്വത്തിൽ വന്ന മിഷണറി സംഘം നാട്ടുകാരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടെന്നു പറയുന്നത് തെറ്റാണ്. ക്നായി തൊമ്മൻ ഹിന്ദുസ്ത്രീയെ വിവാഹം ചെയ്തെന്നും അതിൽ മക്കളുണ്ടെന്നും പറഞ്ഞതും തെറ്റാണ്. ക്നാനായർ 17 നൂറ്റാണ്ട് എൻഡോഗമി അഭംഗുരം ആചരിച്ചിരുന്നതിന് ചരിത്രവും പാരമ്പര്യവും സാക്ഷി.

തെക്കുംഭാഗരുടെ ചില പ്രത്യേക ആചാരങ്ങൾകൂടി ഇവിടെ സ്മരിക്കേണ്ടതുണ്ട്. മനസ്സമ്മതം, വിവാഹം, മൃതസംസ്കാരം എന്നീ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന പ്രത്യേക പ്രാർത്ഥനകളും മറ്റും ശ്രദ്ധിക്കുക. ഇവ തെക്കുംഭാഗർ മാത്രം ഉപയോഗിക്കുന്നതാണ്.

**(1) കൈപിടുത്തം –** വധുവിന്റെ അമ്മാവനും വരനും തമ്മിൽ പരസ്പരം കൈകൊടുത്ത് വിവാഹവാഗ്ദാനം ഉറപ്പിക്കുന്ന ചടങ്ങ്. **(2) ചന്തംചാർത്തൽ –** വിവാഹത്തിന്റെ തലേന്ന് നടത്തുന്ന വരന്റെ ഷേവിംഗ്. **(3) മൈലാഞ്ചി ഇടീൽ –** വിവാഹത്തിന്റെ തലേന്ന് വധുവിന്റെ കൈയിലും കാലിലും ചെയ്യുന്ന ആചാരം. **(4) നെല്ലും നീരും വെക്കൽ –** വിവാഹശേഷം വരന്റെ അമ്മ വധൂവരന്മാർക്ക് നൽകുന്ന സ്വീകരണം. **(5) നടവിളി – (6) വാഴുപിടുത്തം –** വധുവിന്റെ അമ്മ ഒരു ഗാനം ആലപിച്ചുകൊണ്ട് വധൂവരന്മാരുടെ നെറ്റിയിൽ കുരിശുവരച്ച് സ്വീകരിക്കുന്നത്. **(7) കച്ചതഴുകൽ –** അമ്മയുടെ സഹോദരനും വല്യമ്മയും ഗാനമാലപിച്ച് വധൂവരന്മാരെ ആശ്ലേഷിച്ച് സ്വീകരിക്കുന്നത്. ഇത്തരം ആചാരങ്ങൾ ക്നാനായരുടെയിടയിൽ മാത്രമുള്ളതാണ്.

കോട്ടയം രൂപതയുടെ സുസ്ഥിതിക്കും ഐക്യത്തിനുംവേണ്ടി എല്ലാ നടപടികളും സ്വീകരിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും ആർച്ചുബിഷപ്പിനുള്ളതാണ്.

# III

## കോടതിയുടെ കണ്ടെത്തലുകളും വിധിയും

വത്തിക്കാൻ പ്രതിനിധികൾക്കെതിരെ നോട്ടീസയയ്ക്കാൻ കേന്ദ്രഗവൺമെന്റിന്റെ അനുവാദം വേണമെന്ന വാദം നിലനില്ക്കുന്നതല്ല. വത്തിക്കാൻ പ്രതിനിധികളെന്ന നിലയിലല്ല അവർക്കു നോട്ടീസയച്ചത്; കത്തോലിക്കാസഭയുടെ പരിശുദ്ധി കാത്തുസൂക്ഷിക്കാൻ ഉത്തരവാദപ്പെട്ട സഭ യുടെ ഉന്നതാധികാരികൾ എന്ന നിലയിലാണ്. കുറ്റവാളികളുടെമേൽ നടപടികൾ സ്വീകരിക്കാൻ അധികാരമുള്ളവരാണ് അവർ. പക്ഷേ, അവർ ആ അധികാരം ഉപയോഗപ്പെടുത്തിയിട്ടില്ല; നിർബ ന്ധിത എൻഡോഗമി ആചരണം നിയന്ത്രിക്കാൻ അവർ ശ്രമിച്ചില്ല എന്നതുകൊണ്ടാണ് നോട്ടീസ് കൈമാറിയത്. അല്ലാതെ, അവർക്കെതിരെ നടപടി വേണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. അതിനാൽത്ത ന്നെ, സെൻട്രൽ ഗവൺമെന്റിന്റെ സമ്മതപത്രം ആവശ്യമില്ല.

ഹർജി ക്നാനായ രൂപതയുടെ മൗലികാവകാശത്തെ ചോദ്യം ചെയ്തോ? തങ്ങളുടെ മതാ ചാരങ്ങൾ നടപ്പിലാക്കാൻ അവർക്ക് അവകാശമില്ലേ? മതാചാരം സംബന്ധിച്ച പ്രശ്നം തീർക്കാൻ പരാതിപ്പെടേണ്ടത് സഭയുടെ ട്രിബ്യൂണലിലല്ലേ? എന്നാൽ, ഹർജിക്കാർ സ്ഥാപിക്കുന്നത്, കോട്ടയം രൂപതയിലെ എൻഡോഗമി കാനൻ നിയമത്തിനും വ്യക്തിനിയമത്തിനും ബൈബിളിനും ഇന്ത്യൻ ഭരണഘടനയ്ക്കും U.N.O.യുടെ നിലപാടിനുമൊക്കെ എതിരാണെന്നാണ്.

### മതപരമായത് സിവിലാണ്

മനുഷ്യന്റെ ആത്മീയതയെ പ്രകൃത്യാതീതശക്തിയുമായി ബന്ധിക്കുന്ന വിശ്വാസമാണ് മതം. ആരാധന, വിശ്വാസം, ആചാരം, ഭക്തി മുതലായവയെല്ലാം അതിന്റെ ഘടകങ്ങളാണ്. ഇവയെല്ലാം ഭക്ത്യഭ്യാസങ്ങളിലേക്കു നയിക്കുന്നു. ഒരു പ്രത്യേക വിശ്വാസം സ്വീകരിക്കാനും അഭ്യസിക്കാനും പ്രസംഗിക്കാനും പ്രചരിപ്പിക്കാനുമുള്ള ഒരു വ്യക്തിയുടെ അവകാശമാണ് മതപരമായ അവകാ ശം. ഇതു സിവിലാണ്. മതപരമായ വിഷയം സംബന്ധിച്ച തർക്കം മിക്കവാറും വ്യവഹാരമാണ്. വിഷയം മതപരമാണെങ്കിലും അനുഭവത്തിൽ അത് വ്യക്തിപരമായിട്ടാണ് കലാശിക്കുക. സിവി ലായ ഒരു കുറ്റം വ്യക്തിപരമായ ഒരു കുറ്റമായിട്ടേ കാണാൻ സാധിക്കൂ.

ഭരണഘടനയുടെ കാര്യം എടുത്താൽ, ആർട്ടിക്കിൾ 25 ഓരോ പൗരനും മനസ്സാക്ഷി അനു സരിച്ച് വിശ്വാസം സ്വീകരിക്കാനുള്ള മൗലികാവകാശം നൽകുന്നുണ്ട്. ആ അവകാശം നിഷേധി ക്കപ്പെട്ടാൽ കോടതിയെ ശരണം പ്രാപിക്കാം. പക്ഷേ, അതിനു സിവിൽ കോടതി മാത്രമേ നിലവി ലുള്ളു. ഭരണഘടന ഉറപ്പുനല്കുന്ന അവകാശം നിഷേധിക്കപ്പെട്ടാൽ, നമുക്കു സമീപിക്കാൻ ഒരു കോടതിയില്ലെന്ന അവസ്ഥ പരമദയനീയമാണ്.

ദൈവികനിയമം (Divine Law) വിവിധ മതാചാരങ്ങളും കർമ്മങ്ങളും ബന്ധപ്പെട്ടുള്ള മനു ഷ്യന്റെ വിശ്വാസത്തെ സംബന്ധിച്ചുള്ളതാണ്. കോടതിക്ക് ദൈവികനിയമം വ്യാഖ്യാനിക്കാനാ വില്ല. എന്നാൽ, ചില സുപ്രീംകോടതി വിധികളിലെ നിഗമനപ്രകാരം എൻഡോഗമി എന്ന വിവാഹം സംബന്ധിച്ച ഈ ഹർജി സിവിൽ കോടതിയിൽ കൈകാര്യം ചെയ്യാവുന്നതാണ്.

### എൻഡോഗമിക്ക് അനുകൂലമായി നിയമമില്ല

പ്രതിഭാഗം വിശദീകരണത്തിൽനിന്നു മനസ്സിലാകുന്നത്, ഇതൊരു വംശീയ ആചാരത്തിന്റെ കഥയാണെന്നാണ്. കഴിഞ്ഞ 17 നൂറ്റാണ്ടായി അവർ ആചരിച്ചുപോരുന്ന ഒരു പാരമ്പര്യം അല്ലെ ങ്കിൽ ആചാരമാണ് എൻഡോഗമി. ദൈവികനിയമവും റോമുമാണ് ഈ ആചാരാനുഷ്ഠാനത്തിന് അവർക്കു പിന്തുണ നൽകുന്നത്. ഭരണഘടനയും അന്താരാഷ്ട്ര ഉടമ്പടികളും അവർക്കു തുണ യായുണ്ട്. പക്ഷേ, ക്നാനായരും അന്യരൂപതക്കാരും തമ്മിലുള്ള വിവാഹബന്ധം നിഷേധിച്ചു

കൊണ്ടുള്ള ഒരു നിയമവും നിലവിലില്ല. അങ്ങനെ എൻഡോഗമി ധിക്കരിച്ചവരെ പുറത്താക്കാനുള്ള ഒരധികാരവും നിലവിലില്ല. യേശുക്രിസ്തു സ്ഥാപിച്ച വിവാഹം എന്ന കൂദാശയുടെ കാര്യത്തിൽ മാർപാപ്പയെ മറികടന്ന് ഒരു നിയമം കൊണ്ടുവരാൻ ക്നാനായ ബിഷപ്പിന് അധികാരവുമില്ല. കാനൻ നിയമത്തിൽ പറയുന്നതിനപ്പുറം സാധുവായ വിവാഹത്തിനെതിരെ തടസ്സങ്ങൾ സൃഷ്ടിക്കാൻ ബിഷപ്പിന് ശക്തിയില്ല.. വിശദീകരണത്തിൽ നിന്ന്, കോട്ടയം രൂപത ഒരു സ്വതന്ത്ര വ്യക്തിസഭയല്ലെന്നാണു മനസ്സിലാകുന്നത്. എന്നാൽ, അത് കത്തോലിക്കാസഭയുടെ ഭാഗമാണെന്നും, കാനൻ നിയമമാണ് അതിന്റെ ഭരണഘടനയെന്നും വ്യക്തമാകുന്നുണ്ട്.

ഹർജിക്കാരിൽ ചിലർ നിലവിൽ കോട്ടയം രൂപതയുടെ അംഗങ്ങളല്ലാത്തതിനാൽ, കോട്ടയം രൂപതക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനെന്ന ന്യായേന എൻഡോഗമിക്കെതിരെ വാദിക്കാൻ അവകാശമില്ലെന്നുമുള്ള വാദം ഉയർന്നുവന്നു. വാദത്തിനുവേണ്ടി അതു സമ്മതിച്ചാലും, സഭാനിയമങ്ങൾക്കെതിരായുള്ള ഒരു ദുരാചാരത്തിനെതിരെ ശബ്ദമുയർത്താനുള്ള അവകാശം സീറോ മലബാർ സഭയുടെ പ്രതിനിധികൾ എന്ന നിലയിൽ അവർക്കുണ്ട്. കാരണം, കോട്ടയം രൂപതയും സീറോ മലബാർ സഭയുടെ ഭാഗമാണ്.

മതകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു മതവിഭാഗം എന്ന നിലയിൽ തങ്ങൾക്കുള്ള മൗലിക അവകാശത്തിലുള്ള കടന്നുകയറ്റമാണു നടക്കുന്നതെന്നായിരുന്നു പ്രതിഭാഗത്തിന്റെ അടുത്ത വാദം. ഭരണഘടനയുടെ ആർട്ടിക്കിൾ 25, 26-ന്റെ സംരക്ഷണമാണ് അവർ തേടുന്നത്. അതുകൊണ്ട്, ക്നാനായർ ഒരു മതവിഭാഗമാണോ എന്നുതന്നെ വിശദമായി പഠിക്കേണ്ടതുണ്ട്.

കോട്ടയം അതിരൂപതയിലെ അംഗങ്ങൾ അനുവർത്തിച്ചുപോരുന്ന എൻഡോഗമി എന്ന ആചാരത്തെ ചുറ്റിപ്പറ്റിയാണ് തർക്കം നിലകൊള്ളുന്നത്. കത്തോലിക്കാസഭയെ മുൻനിറുത്തി ചെയ്യുന്ന എൻഡോഗമി എന്ന ഈ നിർബന്ധിത ആചാരം ഹർജിക്കാരെ സംബന്ധിച്ച് നിയമവിരുദ്ധവും ഭരണഘടനാവിരുദ്ധവുമാണ്. മറ്റൊരു രൂപതയിലെ വ്യക്തിയുമായി വിവാഹബന്ധം സ്ഥാപിക്കുന്നതുവഴി കോട്ടയം രൂപതക്കാർ പുറത്താക്കപ്പെടുന്നതും ഇടവകയിൽ തങ്ങൾക്കുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുന്നതും നിയമവിരുദ്ധവുമാണ്.

കൂടാതെ, എൻഡോഗമി 17 നൂറ്റാണ്ടായി ക്നാനായർ അനുവർത്തിച്ചുവരുന്ന ഒരു ആചാരമാണത്രേ. കത്തോലിക്കാ ക്രിസ്ത്യാനികളുടെ ഇടയിൽ അവർ ഒരു പ്രത്യേക വംശീയവിഭാഗത്തിന്റെ അംഗങ്ങളാണെന്ന് അവകാശപ്പെടുന്നു. ബൈബിൾ വചനങ്ങളും കാനൻ നിയമവും ഇന്ത്യൻ ഭരണഘടനയും U.N. അസംബ്ലി നിർദ്ദേശങ്ങളും അനുസരിച്ചാണത്രേ അവർ എൻഡോഗമി ആചരിക്കുന്നത്. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മതപരമായ അവകാശങ്ങൾക്കു തുരങ്കംവയ്ക്കാനുള്ള ശ്രമമാണത്രേ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ക്നാനായ കത്തോലിക്കർ അഥവാ തെക്കുംഭാഗർ എന്ന ഈ വ്യത്യസ്ത മതവിഭാഗം തങ്ങളുടെ യഹൂദപാരമ്പര്യം നിലനിർത്താനാണത്രേ വിവാഹകാര്യത്തിൽ എൻഡോഗമിയെ മുറുകെപ്പിടിക്കുന്നത്. ഇതിനുപുറമെ, മനസ്സമ്മതം, വിവാഹം, ശവസംസ്കാരം എന്നീ സന്ദർഭങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ഉപയോഗിക്കുന്നുണ്ട്. ഇത്തരം പ്രാർത്ഥനകൾ വടക്കുംഭാഗരുടെയോ മറ്റു മതവിഭാഗങ്ങളുടെയോ ഇടയിൽ പ്രചാരത്തിലില്ല. കൈപിടുത്തം, ചന്തംചാർത്തൽ, മൈലാഞ്ചി ഇടീൽ, നെല്ലും നീരും വെക്കൽ, നടവിളി, വാഴുപിടുത്തം, കച്ചതഴുകൽ മുതലായ ആചാരങ്ങൾ ശ്രദ്ധിക്കുക. ക്നാനായ സമൂഹത്തിൽ മാത്രം നിലനിൽക്കുന്ന ഈ ആചാരങ്ങൾക്ക് ദൈവശാസ്ത്രപരമായ അർത്ഥങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടത്രേ.

ഇവരുടെ വംശീയപാരമ്പര്യം നിലനിർത്താനാണ് 1911-ൽ കോട്ടയം രൂപത ക്നാനായ അഥവാ തെക്കുംഭാഗർ എന്ന പേരിൽ സ്ഥാപിതമായതെന്നാണ് പ്രതിപക്ഷ വാദം. കോട്ടയം ആർച്ചുബിഷപ്പാണ് ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ തലവൻ. സഭയിൽ അച്ചടക്കവും ഐക്യവും

നിലനിർത്തേണ്ട ഉത്തരവാദിത്വം അദ്ദേഹത്തിന്റേതാണ്. സമൂഹത്തിന് അനുയോജ്യരല്ലെന്നു കാണുന്നവരെ പുറത്താക്കിക്കൊണ്ടാണ് ക്നാനായ സമൂഹത്തിന്റെ വിശുദ്ധി നിലനിർത്തുന്നത്. ഇത്തരം പുറത്താക്കൽ ഈ സമൂഹത്തിന്റെ മതപരമായ ജീവിതത്തിന്റെ അവിഭാജ്യഘടകമാണെന്നു കാണാം. കോട്ടയം രൂപതയുടെ പ്രത്യേക നിയമങ്ങളും ചട്ടങ്ങളും ഉപയോഗപ്പെടുത്തി ആർച്ചുബിഷപ്പ് രൂപതയിലെ കുഞ്ഞാടുകളെ മേയിക്കുന്നു.

എ.ഡി. 52-ൽ സെന്റ് തോമസാണ് ഇന്ത്യയിൽ വിശ്വാസവെളിച്ചം കൊണ്ടുവന്നത് എന്ന കാര്യത്തിൽ ഇരു കക്ഷികൾക്കും എതിരഭിപ്രായമില്ല. വിവിധകാരണങ്ങളാൽ പിന്നീട് സഭാജീവിതം ദുർബലമായെന്നും ആ സമയത്ത് മിഷമറിമാർ ഇവിടെ എത്തിയെന്നുമുള്ള കാര്യത്തിലും എതിരഭിപ്രായമില്ല. ക്നായി തൊമ്മന്റെ നേതൃത്വത്തിൽ ദക്ഷിണ മെസപ്പൊട്ടേമിയയിൽ നിന്നെത്തിയ 72 കുടുംബങ്ങൾ കൊടുങ്ങല്ലൂരിൽ കോളനി തീർത്തു. പിന്നീട് പോർട്ടുഗീസുകാർ വന്നതും മെനേസിസ് മെത്രാൻ സഭാഭരണം ഏറ്റെടുത്തതും ഇരുകൂട്ടരും സമ്മതിക്കുന്നു. 1653-ലെ കൂനൻ കുരിശുസത്യം, കർമ്മലീത്താക്കാരുടെ ആഗമനം; ക്രിസ്ത്യൻ സമൂഹത്തിലെ പിളർപ്പ്. ക്നാനായർ റോം നിർദ്ദേശിച്ച ബിഷപ്പിന്റെ കീഴിൽ കത്തോലിക്കാ സഭയുടെ ഭാഗമായി കഴിയുന്നു. എൻഡോഗമിയിൽ മുറുകെപ്പിടിച്ചുകൊണ്ട് അവർ തങ്ങളുടെ വംശീയ പാരമ്പര്യം നഷ്ടപ്പെടാതെ സൂക്ഷിച്ചു.

ഒരു സമൂഹത്തിന് മതപരമായ പരിവേഷം ലഭിക്കാൻ സുപ്രീംകോടതി നിർദ്ദേശിക്കുന്ന മൂന്നു പ്രധാനകാര്യങ്ങൾ ഇവയാണ് -

(1) തങ്ങളുടെ വിശ്വാസപരമായ ജീവിതത്തിന്റെ സുസ്ഥിതിക്കുതകുന്ന ഏതാനും പ്രമാണങ്ങൾ സ്വന്തമായുള്ള ഒരു സമൂഹമായിരിക്കണം, അതായത് ഒരു പൊതുവിശ്വാസം വേണം.

(2) ഒരു പൊതുസംഘടന വേണം.

(3) വ്യത്യസ്തമായ പേരു വേണം.

## ക്നാനായർക്കു തനതു വിശ്വാസമില്ല

സംശയമില്ല, ക്നാനായ കത്തോലിക്കാ സമൂഹത്തിന് ഒരു പൊതു സംഘടനയുണ്ട്; വ്യത്യസ്തമായ പേരുമുണ്ട്. പക്ഷേ, സർവ്വപ്രധാനമായ ഘടകമില്ല, തങ്ങളുടെ ആത്മീയ സുസ്ഥിതിക്ക് ഉതകുന്ന പ്രമാണങ്ങൾ, അതായത് ഒരു പൊതുവിശ്വാസമില്ല. സീറോ മലബാർ സഭയിലെ അഥവാ കത്തോലിക്കാ സഭയിലെ മറ്റേതൊരു അംഗത്തെയുംപോലെ, ക്നാനായരും തങ്ങളുടെ വിശ്വാസ ജീവിതത്തിന്റെ സുസ്ഥിതിക്ക് യേശുക്രിസ്തുവിലും സുവിശേഷങ്ങളിലും വിശ്വസിക്കുന്നു. ബൈബിളും വിശുദ്ധ നിയമങ്ങളും വിശ്വാസസത്യങ്ങളും നമ്മെ ഒരു കാര്യം ബോധ്യപ്പെടുത്തും - യേശുക്രിസ്തു പ്രപഞ്ചത്തിന്റെ പരമാത്മാവായി സകല മനുഷ്യരിലും കുടികൊള്ളുന്നു. അതിനാൽ, അവിടത്തേക്ക് എല്ലാം തുല്യമാണ്. പുറജാതിക്കാരും യഹൂദരും ഛേദനാചാരം ചെയ്തവരും ചെയ്യാത്തവരും പ്രാകൃതരും കിരാതരും അടിമകളും സ്വതന്ത്രരും തുല്യരാണ്. സകല ചരാചരങ്ങളിലും ഒരേ ക്രിസ്തുതന്നെ. എല്ലാവർക്കും നിരുപാധികമായ സ്നേഹം. അവിടന്ന് അനുയായികൾക്കായി ഏഴു കൂദാശകൾ സ്ഥാപിച്ചു; വിവാഹം ഉൾപ്പെടെ ഒരു കാര്യത്തിലും വിവേചനം കാണിക്കാത്ത യേശുക്രിസ്തു, വിവാഹം എന്ന കൂദാശയിൽ മാത്രം തടസ്സം സൃഷ്ടിക്കില്ല. പഴയ നിയമത്തിലെ എസ്രായെയും തോബിത്തിനെയും പുതിയനിയമം അംഗീകരിച്ചിട്ടില്ല. ബൈബിളും പുതിയ നിയമവും വിശ്വാസസത്യങ്ങളും മതത്തിന്റെ അവസാന വാക്കുകളായതിനാൽ ക്നാനായർ അവയ്ക്കു വിധേയരായേ പറ്റൂ. ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മികസുരക്ഷക്ക് എൻഡോഗമി ആചരണം ആവശ്യമാണെന്ന് ദൈവം മനസ്സിലാക്കിയിരുന്നില്ല. നിരുപാധികമായ സ്നേഹത്തിന്റെ രൂപത്തിൽ ദൈവത്തെ സ്വീകരിക്കാനും പക്ഷപാതമില്ലാതെ ജീവിക്കാനുമാണ്

ക്രിസ്തു തന്റെ അനുയായികളെ ഉപദേശിച്ചത്. അതിനാൽ എൻഡോഗമി ആചരണംവഴി ക്നാനായർ കാട്ടുന്ന വിവേചനം ഒരിക്കലും ഒരു ആത്മീയപ്രവർത്തനമായി കണക്കാക്കാനാവില്ല.

## കത്തോലിക്കാസഭയുടെ നിയമങ്ങൾ ധിക്കരിക്കാനാവില്ല

ക്രിസ്തീയ ആത്മീയത സ്വീകരിച്ച ക്നാനായ സമൂഹത്തിനു കത്തോലിക്കാ സഭ അംഗീകരിച്ച ദൈവികനിയമങ്ങൾ ധിക്കരിക്കാൻ കഴിയുകയില്ല. മാത്രമല്ല, യേശുക്രിസ്തുവല്ലാതെ മറ്റൊരു ആത്മീയഗുരു ക്നാനായ സമുദായത്തിനില്ല. എൻഡോഗമി നിർദ്ദേശിക്കുന്ന എസ്രായെയും തോബിത്തിനെയും യേശുക്രിസ്തു അംഗീകരിക്കുന്നുമില്ല. തങ്ങളുടെ ആത്മീയ വളർച്ചയ്ക്കുവേണ്ടിയാണ് എൻഡോഗമി ആചരിക്കുന്നതെന്ന് പ്രതിഭാഗം സ്ഥാപിക്കുന്നില്ല. യഹൂദരിൽനിന്നാണ് തങ്ങൾ എൻഡോഗമി ആചരണം കടംകൊണ്ടതെന്നു പറയുന്ന ക്നാനായർ, യഹൂദർ എൻഡോഗമി ആചരിച്ചിരുന്നോ ഇല്ലയോ എന്നു വ്യക്തമാക്കുന്നില്ല. മാത്രമല്ല, തങ്ങൾ ആരാധനയിൽ ഉപയോഗിക്കുന്ന പല പ്രാർത്ഥനകളും ആചരണങ്ങളും ക്നാനായർ കത്തോലിക്കാ സഭയുടെ ഭാഗമാണെന്ന് അവരെ ബോധ്യപ്പെടുത്താൻ ഉതകുന്നവയല്ല. അതിനാൽ, സുപ്രീംകോടതിയുടെ വിവിധ വിധികളെ ആശ്രയിച്ച് അവർ നടത്തുന്ന പോരാട്ടം വിജയിക്കുമെന്നു തോന്നുന്നില്ല.

## ക്രിസ്തുമതത്തിൽ ജാതിവ്യവസ്ഥയില്ല

സുപ്രീംകോടതിയുടെ നിരീക്ഷണം അനുസരിച്ച് ക്രിസ്തുമതത്തിൽ ജാതിവ്യവസ്ഥകളില്ല. ക്രിസ്ത്യാനികളെല്ലാം തുല്യരാണ്. ഹിന്ദുമതത്തിലെപ്പോലെ, വിവിധ ജാതികളായി ക്രിസ്ത്യാനികളെ തിരിച്ചുകാണാനാവില്ല. ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ക്രിസ്ത്യാനികൾക്കിടയിൽ ഒരിടത്തും ജാതിത്തിരിവുകളില്ല. ഓരോ ഇടവകയും സഭയുടെ ഭാഗമാണ്; തങ്ങൾ വ്യത്യസ്തരാണെന്നോ സ്വയംഭരണാവകാശമുണ്ടെന്നോ വലിയ പാരമ്പര്യമുണ്ടെന്നോ ഒരു വിഭാഗത്തിനും അവകാശപ്പെടാനാവില്ല. കത്തോലിക്കാസഭയുടെ ഭാഗമായിത്തീർന്നാൽ എല്ലാവരും തുല്യരാണ്. പ്രതിഭാഗം കരുതുന്നതുപോലെ ക്നാനായ കത്തോലിക്കർക്ക് കൂടുതൽ അവകാശവാദങ്ങൾക്ക് ഒരു പഴുതുമില്ല.

എ.ഡി. 345 മുതൽ ആചരിച്ചുപോരുന്ന ക്നാനായരുടെ സ്വന്തം ആചാരമാണത്രേ എൻഡോഗമി. 17 നൂറ്റാണ്ടായി എൻഡോഗമി ആചരിക്കുന്നതുകൊണ്ടുമാത്രമാണത്രേ ക്നാനായ കത്തോലിക്കർക്കുമാത്രമായി ഒരു രൂപത വിഭജിച്ചുനല്കിയത്. ഇക്കാര്യത്തിൽ പോപ്പിന്റെകൂടി അംഗീകാരമാണ് ഇതു കാണിക്കുന്നത്. എന്നാൽ, രൂപത വിഭജിച്ചുനൽകിയതിൽ എൻഡോഗമിക്ക് ഒരു പ്രാധാന്യവുമില്ലെന്നാണ് ഹർജിക്കാരുടെ വാദം. പ്രസക്തമായ കാര്യം, കത്തോലിക്കാസഭയുടെ ഭാഗമായ രൂപതയ്ക്ക് അതിന്റെ അംഗങ്ങളെ, നിയമവിരുദ്ധമായ എൻഡോഗമി ആചരിക്കാത്തതിന്റെ പേരിൽ അയോഗ്യരാക്കാൻ അവകാശമുണ്ടോ എന്നതാണ്. ക്നാനായ സമൂഹം ഒരാചാരമായി എൻഡോഗമി അനുവർത്തിച്ചുപോന്നു എന്നതിന് യാതൊരു തെളിവുമില്ല. ചങ്ങനാശ്ശേരി ബിഷപ്പായി മാർ മാത്യു മാക്കിലിനെ നിയമിച്ചതിനെച്ചൊല്ലി തെക്കുംഭാഗരും വടക്കുംഭാഗരും തമ്മിലുണ്ടായ അഭിപ്രായഭിന്നത ഒത്തുതീർപ്പാക്കുകയായിരുന്നു പ്രധാന കാര്യം. ഈ പ്രശ്നത്തിൽ എൻഡോഗമിക്ക് ഒന്നും ചെയ്യാനില്ലായിരുന്നു. മാത്രമല്ല, എൻഡോഗമി ആചരണം ബൈബിളിനും കാനൻ നിയമത്തിനും വിശ്വാസത്തിനും പ്രത്യേക നിയമങ്ങൾക്കും ഭരണഘടനയ്ക്കും അന്താരാഷ്ട്ര ഉടമ്പടികൾക്കുമൊക്കെ വിരുദ്ധവുമാണ്.

## ബൂളായും എൻഡോഗമിയുമായി ഒരു ബന്ധവുമില്ല

1911-ലെ പേപ്പൽ ബൂളാ ശ്രദ്ധിച്ചു വായിച്ചാൽ വ്യക്തമാകും, കോട്ടയം രൂപത വിഭജിച്ചുനൽകിയത് കോട്ടയം റീജിയന്റെ ആത്മീയാവശ്യങ്ങൾ ഫലപ്രദമായി നിർവഹിക്കാനും തെക്കരും വടക്കരും തമ്മിലുള്ള കലഹം ശാന്തമാക്കാനുമാണെന്ന്. അങ്ങനെ കോട്ടയം, കടുത്തുരുത്തി

ഫൊറോനകളും എറണാകുളത്തിന്റെ ഏതാനും ഭാഗങ്ങളും ഉൾപ്പെട്ട കോട്ടയം രൂപത തെക്കർക്കും ചങ്ങനാശ്ശേരി വടക്കർക്കും. മാർ മാക്കിൽ കോട്ടയത്തിന്റെ ബിഷപ്പായി. പ്രതിഭാഗം ആവേശത്തോടെ വാദിച്ചത് നൂറ്റാണ്ടുകളായി കഷ്ടപ്പെട്ട് എൻഡോഗമി ആചരിച്ചുപോന്നതിനു സമ്മാനമായി ക്നാനായർക്കു നൽകിയതാണ് കോട്ടയം രൂപതയെന്നാണ്. പക്ഷേ, 1911-ലെ ബൂളാ, ക്നാനായരുടെ എൻഡോഗമിക്കാര്യം സ്മരിച്ചിട്ടുപോലുമില്ലെന്ന് വ്യക്തമാണ്.

സീറോ മലബാർ സഭയുടെ മൂന്നു ബിഷപ്പുമാരും ചേർന്ന് പോപ്പിനു നൽകിയ മെമ്മോറാണ്ടവും വ്യക്തമാക്കുന്നത്, പ്രധാനപ്രശ്നം തെക്കരും വടക്കരും തമ്മിലുള്ള കലഹമാണെന്നാണ്. ചങ്ങനാശ്ശേരി രൂപതയിൽ സമാധാനം സംസ്ഥാപിക്കാൻ രൂപതാവിഭജനം മാത്രമായിരുന്നു പോംവഴി. മാർ മാക്കിലിനെ ചങ്ങനാശ്ശേരി ബിഷപ്പാക്കിയതോടുകൂടിയാണ് കലഹം രൂക്ഷമായത്. തെക്കരും വടക്കരും തമ്മിൽ വിവാഹബന്ധം പോലും നടത്താതെയായി. 1911-ൽ കർദ്ദിനാൾ അലിയാർഡി പ്രൊപ്പഗാന്ത ഫിദേക്ക് അയച്ച റിപ്പോർട്ടിൽ ഇതേകാര്യം തന്നെ വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട്, രൂപതാ രൂപീകരണത്തിൽ എൻഡോഗമിക്ക് ഒരു പങ്കുമില്ലായിരുന്നു എന്നത് സ്പഷ്ടമാണ്. കോട്ടയം രൂപത രൂപീകരിച്ച് മാർ മാക്കിലിനെ അതിന്റെ ബിഷപ്പായി നിയമിച്ചു നൽകിയതോടുകൂടിയാണ് തെക്കരും വടക്കരും ശാന്തമായതും ചങ്ങനാശ്ശേരി രൂപതയിൽ സമാധാനം തിരിച്ചുകിട്ടിയതും.

പോപ്പ് പരമാധികാരിയായിട്ടുള്ള 23 ഓറിയന്റൽ സഭകളിൽ ഒന്നാണ് സീറോ മലബാർ സഭ. കോട്ടയം രൂപത സീറോ മലബാർ സഭയുടെ ഭാഗമാണ്. ഹർജിക്കാരും പ്രതിഭാഗവും ഒരുപോലെ സമ്മതിക്കുന്ന കാര്യമാണിത്. എല്ലാ കത്തോലിക്കർക്കും കാനൻ നിയമം ബാധകമാണ്. ദൈവിക നിയമത്തിന്റെ അടിസ്ഥാനം (1) സുവിശേഷവും ശ്ലീഹന്മാരുടെ നടപടിയും (2) കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണങ്ങളുമാണ്. സഭാ നിയമങ്ങൾക്കു വിരുദ്ധമായ എൻഡോഗമി ആചരണം അംഗീകരിക്കാൻ പോപ്പിനു കഴിയില്ലെന്നു തെളിയിക്കാൻ ഹർജിക്കാർ ഉദ്ധരിച്ച ബൈബിൾ ഭാഗങ്ങൾ:-

"കപട നാട്യക്കാരേ! ഏശയ്യാ നിങ്ങളെപ്പറ്റി ശരിയായിത്തന്നെ പ്രവചിച്ചു. ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ, അവരുടെ ഹൃദയം എന്നിൽനിന്നു വളരെ അകലെയാണ്. അവർ മാനുഷികനിയമങ്ങൾ പ്രമാണങ്ങളായി പഠിപ്പിച്ചുകൊണ്ട് വ്യർത്ഥമായി എന്നെ ആരാധിക്കുന്നു." (മത്തായി. 15:7-9)

"അവൻ മറുപടി പറഞ്ഞു: സ്രഷ്ടാവ് ആദിമുതലേ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചുവെന്നും ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും. അവരിരുവരും ഏക ശരീരമായിത്തീരും എന്ന് അവിടന്ന് അരുളിച്ചെയ്തിട്ടുണ്ടെന്നും നിങ്ങൾ വായിച്ചിട്ടില്ലേ?" (മത്തായി. 19:4-6)

"പിതാവ് എനിക്കു നൽകുന്നവരെല്ലാം എന്റെ അടുത്തുവരും. എന്റെ അടുത്തു വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയില്ല. ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത് എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല; എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റാനാണ്. അവിടുന്ന് എനിക്കു നൽകിയവരിൽ ഒരുവനെപ്പോലും ഞാൻ നഷ്ടപ്പെടുത്താതെ, അന്ത്യദിനത്തിൽ ഉയിർപ്പിക്കണമെന്നതാണ് എന്നെ അയച്ചവന്റെ ഇഷ്ടം. പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു നിത്യജീവൻ ഉണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കുകയും ചെയ്യും." (യോഹ. 6:37-40)

"ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യരാണെന്ന് അതുമൂലം എല്ലാവരും അറിയും." (യോഹ. 13:34-35)

"അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കുതന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു. അവർ പൂർണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു. അങ്ങനെ അങ്ങെന്നെ അയച്ചുവെന്നും അങ്ങെന്നെ സ്നേഹിച്ചതുപോലെ തന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ." (യോഹ. 17:21–23)

"യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നെ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല; നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്." (ഗലാ. 3:28)

"ഇവിടെ ഗ്രീക്കുകാരനെന്നോ യഹൂദനെന്നോ പരിഛേദിതനെന്നോ അപരിഛേദിതനെന്നോ അപരിഷ്കൃതനെന്നോ സ്ഥിയനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ വ്യത്യാസമില്ല. ക്രിസ്തു എല്ലാമാണ്, എല്ലാവരിലുമാണ്... ഒരാൾക്കു മറ്റൊരാളോടു പരിഭവമുണ്ടായാൽ പരസ്പരം ക്ഷമിച്ച് സഹിഷ്ണുതയോടെ വർത്തിക്കുവിൻ. കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെതന്നെ നിങ്ങളും ക്ഷമിക്കണം." (കൊളോ. 3:11, 13)

ഹർജിക്കാർ മത്തായിയുടെ സുവിശേഷം അഞ്ചാമത്തെ അദ്ധ്യായത്തിൽനിന്ന് 1–12 വാക്യങ്ങൾകൂടി ഉദ്ധരിച്ചു.

"ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശു മലയിലേക്കു കയറി. അവൻ ഇരുന്നപ്പോൾ ശിഷ്യന്മാർ അടുത്തെത്തി. അവൻ അവരെ പഠിപ്പിക്കാൻ തുടങ്ങി. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാണ്. വിലപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ആശ്വസിപ്പിക്കപ്പെടും. ശാന്തശീലർ ഭാഗ്യവാന്മാർ; അവർ ഭൂമി അവകാശമാക്കും. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർക്കു സംതൃപ്തി ലഭിക്കും. കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും. നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാണ്. എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരേ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്."

"അവൻ പറഞ്ഞു: നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണു പ്രഥമവും പ്രധാനവുമായ കൽപന. രണ്ടാമത്തെ കൽപനയും ഇതിനു തുല്യംതന്നെ. അതായത്, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ഈ രണ്ടു കൽപനകളിൽ സമസ്തനിയമവും പ്രവാചകന്മാരും അധിഷ്ഠിതമായിരിക്കുന്നു." (മത്താ. 22:37–40)

പ്രതിഭാഗം വാദിച്ചു; പഴയനിയമം അംഗീകരിച്ച എൻഡോഗമി പുതിയനിയമം നിഷേധിക്കുന്നില്ല. റോമ. 9:3–5; 1 പീറ്റർ 2:9 എന്നിവ അവർ ഉദാഹരിച്ചു. ജറൂസലം സിനഡിനുശേഷം പൊതുജനത്തിനായി എഴുതിയ കത്തിന്റെ സംബോധന "സഹോദരരേ, വിജാതീയരായ സഹോദരങ്ങളേ" (നടപടി. 15:23) എന്നാണ്. അപ്പസ്തോലന്മാരുടെ കാലത്തും വിഭാഗീയചിന്തകൾ ഉണ്ടായിരുന്നു എന്നവർ വാദിച്ചു. ഇത്തരം ബൈബിൾഭാഗങ്ങൾ, ക്രിസ്ത്യാനികളുടെ ഇടയിൽ എൻഡോഗമി നിലനിന്നിരുന്നതിന്റെ തെളിവാണെന്നും അത് ക്രിസ്തുവിന്റെ നിലപാടുകൾക്ക് എതിരല്ലെന്നും പ്രതിഭാഗം വാദിച്ചു. എന്നാൽ, പഴയനിയമമല്ല ദൈവികനിയമത്തിന്റെ മുഖ്യ ആധാരമെന്നു ഹർജി

ക്കാർ സ്ഥാപിക്കാൻ ശ്രമിച്ചു. പഴയനിയമത്തിന് രണ്ടായിരം മുതൽ നാലായിരം വർഷംവരെ പഴക്കമുണ്ട്. അന്നത്തെ സാമൂഹികപശ്ചാത്തലം വളരെ വ്യത്യസ്തമായിരുന്നു. എസ്രായും നെഹെമിയായും ചെയ്ത പ്രവർത്തനങ്ങൾ അന്നത്തെ സാഹചര്യങ്ങൾക്കു ഇണങ്ങുമായിരിക്കാം; പക്ഷേ, ഇന്നു പ്രസക്തമല്ല. ഉത്പത്തിപുസ്തകത്തിൽ പിതാവും പെൺമക്കളുമൊത്തുള്ള അവിഹിതബന്ധം പോലും വിവരിക്കുന്നുണ്ടല്ലോ. ഏതായാലും പഴയനിയമം പുതിയനിയമത്തിനു പകരമാവില്ല.

## പുതിയനിയമത്തിലെ ദൈവം സ്നേഹവും കരുണയുമാണ്

പഴയനിയമത്തിലെ എസ്രാ, നെഹെമിയാ, തോബിത് തുടങ്ങിയ ഭാഗങ്ങൾ സ്വന്തം ഗോത്രത്തിൽനിന്ന് വിവാഹം ചെയ്യാനാണ് ഉപദേശിക്കുന്നത്. അങ്ങനെ ചെയ്താൽ, മക്കളെ നൽകിയും ഇസ്രായേൽ തിരിച്ചുനൽകിയും ദൈവം അനുഗ്രഹിക്കുമത്രേ. മോശയുടെ കാലത്താണ് പഴയനിയമത്തിന്റെ രചന എന്നോർക്കണം. എസ്രായുടെയും നെഹെമിയായുടെയും നേതൃത്വത്തിൽ യഹൂദജനത ജറൂസലത്തേക്കു തിരിച്ചുവരുന്നകാര്യവും പഴയനിയമത്തിലുണ്ട്. പഴയനിയമത്തിലെ ദൈവം കോപിഷ്ഠനും പ്രതികാരദാഹിയുമാണ്. എന്നാൽ, യേശുക്രിസ്തുവിലൂടെ വെളിപ്പെടുന്ന ദൈവം സ്നേഹവും കരുണയുമാണ്. യേശുവിന് പുറജാതിക്കാരും സംസ്കൃതരും അടിമകളും സ്വതന്ത്രരുമെല്ലാം തുല്യരാണ്. ദൈവികനിയമത്തിന്റെ മുഖ്യസ്രോതസ് പുതിയനിയമമാണ്.

യേശുവിനെ സംബന്ധിച്ച് പുറജാതിക്കാരും യഹൂദരും, അടിമകളും സ്വതന്ത്രരും, പുരുഷനും സ്ത്രീയും തുല്യരാണെങ്കിൽ, മറ്റൊരു രൂപതയിൽനിന്നു ജീവിതപങ്കാളിയെ തിരഞ്ഞെടുത്തതിന് സ്വന്തം രൂപതയിൽപ്പെട്ട വ്യക്തിയെ പുറത്താക്കി എങ്ങനെ എൻഡോഗമി അനുഷ്ഠിക്കുമെന്ന് പ്രതിഭാഗം വ്യക്തമാക്കിയിട്ടില്ല. “എന്റെ പിതാവ് അയച്ചവരെയെല്ലാം ഞാൻ സ്വീകരിക്കും; ഒരുവനെയും ഒഴിവാക്കുകയില്ല. കാരണം, ഞാൻ സ്വർഗ്ഗത്തിൽ നിന്നു വന്നിരിക്കുന്നത് എന്റെ സ്വന്തം താത്പര്യങ്ങൾ പൂർത്തീകരിക്കാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റാനാണ്” എന്നു വായിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഒരു കത്തോലിക്കാ രൂപതയ്ക്ക് സ്വന്തം അംഗങ്ങളെ പുറത്താക്കാൻ എങ്ങനെ സാധിക്കുന്നു എന്ന് പ്രതിഭാഗം വിശദമാക്കേണ്ടതുണ്ട്.

## വിശ്വാസപ്രമാണത്തിന് എതിരാണ്

കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണം അനുസരിച്ചും സഭ എൻഡോഗമിക്ക് എതിരാണ്. കത്തോലിക്കർ എന്നും ഉരുവിടുന്ന പ്രാർത്ഥനയാണ് വിശ്വാസപ്രമാണം. കത്തോലിക്കാസഭ ഏകവും പരിശുദ്ധവും അപ്പസ്തോലികവും സാർവ്വത്രികവും ആയിരിക്കുന്നതുപോലെ, അവർ ഏകദൈവത്തിൽ വിശ്വസിക്കുന്നു. അതുകൊണ്ട് നിർബന്ധിത എൻഡോഗമി ആചരണം വിശ്വാസപ്രമാണത്തിനും വിരുദ്ധമാണ്.

## കാനൻ നിയമത്തിനും എതിരാണ്

കൂദാശകളെ സംബന്ധിച്ച കാനൻ നിയമത്തിന്റെ പൊതുനിർദ്ദേശങ്ങളും, എൻഡോഗമി കാനൻ നിയമത്തിന്റെ ലംഘനമാണെന്നു തെളിയിക്കുന്നു.

**കാനൻ നിയമം 14:** എല്ലാ ക്രിസ്ത്യൻ വിശ്വാസികൾക്കും പ്രവർത്തിക്കാനുള്ള അവകാശവും കടപ്പാടുമുണ്ട്. അങ്ങനെ, രക്ഷയുടെ ദിവ്യസന്ദേശം എല്ലാ ദേശങ്ങളിലും എല്ലാ വ്യക്തികളിലും ചെന്നെത്തണം.

**കാനൻ 22:** ഇഷ്ടമുള്ള ജീവിതാവസ്ഥ തിരഞ്ഞെടുക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും എല്ലാ ക്രിസ്തീയവിശ്വാസികൾക്കുമുണ്ട്.

**കാനൻ 23:** ഒരു വ്യക്തിയുടെ സൽപ്പേരു നിയമവിരുദ്ധമായി നശിപ്പിക്കാൻ ആർക്കും അവകാശമില്ല. മാത്രമല്ല, ഒരു വ്യക്തിയുടെ സ്വകാര്യജീവിതത്തിൽ കടന്നുകയറാനും ആർക്കും അവകാശമില്ല.

**കാനൻ 667:** ക്രിസ്തുരഹസ്യങ്ങൾ ബാഹ്യമായ അടയാളങ്ങളിലൂടെ ഗോചരമാക്കാനാണ് സഭ കൂദാശകൾ സ്ഥാപിച്ചിരിക്കുന്നത്. യേശുക്രിസ്തു, പരിശുദ്ധാരൂപിയുടെ സഹായത്താൽ ജനങ്ങളെ കൂദാശകൾ വഴി വിശുദ്ധീകരിക്കുന്നു. പിതാവായ ദൈവത്തിന്റെ ആരാധകരായി അവർ മാറാനാണ്. അങ്ങനെ, ക്രിസ്തുവിലേക്കും അവിടുത്തെ മൗതികശരീരമായ സഭയിലേക്കും അവർ അടുക്കണം. എല്ലാ ക്രിസ്തീയ വിശ്വാസികളും, പ്രത്യേകിച്ച് തിരഞ്ഞെടുക്കപ്പെട്ടവരും സഭയുടെ നിർദ്ദേശങ്ങൾ അനുസരിക്കുകയും കൂദാശകൾ സ്വീകരിക്കുകയും ആചരിക്കുകയും വേണം.

**കാനൻ 669:** കൂദാശകൾ സഭയിൽ സാർവത്രികമായതുകൊണ്ടും അതിൽ ദൈവിക ഇടപെടലുള്ളതുകൊണ്ടും അവയെ സംബന്ധിച്ച അവസാനവാക്ക് സഭയുടെ പരമാധികാരിയുടേതാണ്.

അതായത്, കൂദാശകൾ അംഗീകരിക്കാനും വ്യാഖ്യാനിക്കാനുമുള്ള അധികാരം സഭയുടെ പരമാധികാരിക്കു മാത്രമുള്ളതാണ്. കൂദാശകൾ സ്ഥാപിച്ചത് യേശുക്രിസ്തുവാണെന്ന് പ്രതിഭാഗം സമ്മതിക്കുകയുണ്ടായി. കാനൻ നിയമാനുസൃതമാണ് കൂദാശകൾ നടപ്പാക്കുന്നത്. പോപ്പിനുമാത്രമാണു കൂദാശകൾ വ്യാഖ്യാനിക്കാനുള്ള അവകാശം. പുതിയവ കൂട്ടിച്ചേർക്കാനുള്ള അധികാരവും അദ്ദേഹത്തിനു മാത്രമുള്ളതാണ്. ഒരു വ്യക്തി സഭയുടെ ഒരു ഇടവകയിൽ അംഗമായാൽ മരണംവരെ അവിടെ തുടരുകയും ആ ഇടവകയിൽ നിന്ന് എല്ലാ കൂദാശകളും സ്വീകരിക്കുകയും ചെയ്യാനുള്ള അവകാശമുണ്ട്. സഭാനിയമങ്ങളുടെ പാലനത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയാലല്ലാതെ, ഒരു വ്യക്തിയെ ഇടവകയിൽനിന്നു പുറത്താക്കാനാവില്ല.

മാമ്മോദീസാ സ്വീകരിച്ച ഒരു വ്യക്തിക്ക് വിവാഹം എന്ന കൂദാശ നിഷേധിക്കുന്നത് കാനൻ നിയമത്തിന് എതിരാണ്. കാനൻ 776, 777, 778, 779, 780 എന്നിവ കാണുക. ഒരു കാനൻ നിയമവും എൻഡോഗമി പാലിക്കാത്തത് തെറ്റാണെന്നു പറയുന്നില്ല. കൂടാതെ, എൻഡോഗമി പാലിക്കാത്തവർക്ക് വിവാഹം എന്ന കൂദാശ നിഷേധിക്കാൻ ഒരു കാനൻ നിയമവും അനുവദിക്കുന്നുമില്ല.

## തെക്കരും വടക്കരും

തെക്കരുടെയും വടക്കരുടെയും ആവിർഭാവമാണ് അടുത്ത ചർച്ചാവിഷയം. മി. ശങ്കരമേനോന്റെ റിപ്പോർട്ടുപ്രകാരം ക്നായി തൊമ്മൻ രണ്ട് ഇന്ത്യൻ സ്ത്രീകളെ വിവാഹം ചെയ്തു. അവരുടെ മക്കളുടെ അവകാശത്തർക്കമാണ് തെക്കരും വടക്കരുമായി അവർ തിരിയാൻ കാരണം. തെക്കർ വാശിക്ക് വടക്കരുമായി വിവാഹബന്ധംപോലും ഒഴിവാക്കി. തെക്കർ അല്ലാത്തവരെല്ലാം വടക്കരായി അംഗീകരിക്കപ്പെട്ടു.

ശ്രീമൂലം അസംബ്ലിയിൽ ഡെപ്യൂട്ടി പ്രസിഡണ്ടായിരുന്ന ടി.കെ. വേലുപ്പിള്ള ട്രാവൻകൂർ സ്റ്റേറ്റു മാനുവലിൽ എഴുതി: ക്നായി തൊമ്മൻ രണ്ടുപേരെ വിവാഹം കഴിച്ചു. ഒരാൾ ഉയർന്നജാതിയും, മറ്റേയാൾ താഴ്ന്നജാതിയും. അങ്ങനെയാണ് തെക്കരും വടക്കരും എന്ന രണ്ടു സമൂഹം രൂപപ്പെട്ടത്. ക്നായിതൊമ്മന്റെ കൂടെ വന്നവരാണ് കൊടുങ്ങല്ലൂരിന്റെ തെക്കുഭാഗത്തു താമസം ഉറപ്പിച്ച തെക്കരെന്നും നേരത്തെ ഉണ്ടായിരുന്നവരാണ് വടക്കുഭാഗത്തു താമസിച്ചിരുന്ന വടക്കരെന്നും മറ്റൊരഭിപ്രായവുമുണ്ട്. ഇരുവരുമായി വിവാഹബന്ധമില്ലാത്തതിനാൽ ഇരുസമൂഹങ്ങളും അങ്ങനെതന്നെ തുടരുന്നു.

ദിവാന്റെ സെക്രട്ടറിയായിരുന്ന സി. അച്യുതമേനോൻ കൊച്ചിൻ സ്റ്റേറ്റ് മാനുവലിൽ കുറിച്ചു: ക്നായി തൊമ്മൻ വ്യത്യസ്ത ജാതിയിൽപ്പെട്ട രണ്ടു സ്ത്രീകളെ വിവാഹം ചെയ്തു. അവരുടെ മക്കളുടെ പരമ്പരയാണ് വടക്കരും തെക്കരുമായി രൂപപ്പെട്ടത്.

ഹർജിക്കാർ ഉന്നയിച്ച ചോദ്യമിതാണ്. ക്നാനായരുടെ അനിഷേധ്യ നേതാവായ ക്നായി തൊമ്മൻ ഇന്ത്യയിൽ എത്തിയശേഷം രണ്ടു വിവാഹം നടത്തി. ഇരുവരും കേരളസ്ത്രീകളായിരു

ന്നു. പിന്നെ, എങ്ങനെയാണ് ക്നാനായർക്ക് എൻഡോഗമി മറ്റുള്ളവരുടെമേൽ അടിച്ചേല്പിക്കാൻ കഴിയുക?

ക്നായി തൊമ്മൻ മതംമാറിയ ഒരു ഹിന്ദുസ്ത്രീയെയാണു വിവാഹം ചെയ്തതെന്നാണ് രേഖകൾ സൂചിപ്പിക്കുന്നത്. ഏതായാലും, രണ്ടു ഭാര്യമാരിലെ മക്കൾ തമ്മിലോ മറ്റുവിധത്തിലോ സിറിയൻ ക്രിസ്ത്യാനികളുടെ ഇടയിൽ കലഹം നിലനിന്നിരുന്നു എന്നതാണു വാസ്തവം. ഇരുവരും തമ്മിൽ വിവാഹബന്ധംപോലും ഉണ്ടായിരുന്നില്ല. എൻഡോഗമി പാലിക്കാത്തതിന്റെ പേരിൽ ചിലരെ തെക്കർ പുറത്താക്കിയ കഥകളുമുണ്ട്. എന്നാൽ, എൻഡോഗമി കർശനമായ ഒരാചാരമായി മാറിയതിന്റെ വിശ്വസനീയമായ തെളിവുകൾ ലഭിച്ചിട്ടില്ല. അതുകൊണ്ട് എൻഡോഗമിയുടെ ഉദ്ഭവം സംബന്ധിച്ചും അതിന്റെ ആചരണം സംബന്ധിച്ചും കെട്ടുറപ്പുള്ള ഒരു സിദ്ധാന്തം അവതരിപ്പിക്കാൻ പ്രതിഭാഗത്തിനു കഴിഞ്ഞിട്ടില്ല.

## വിവേചനം ക്രിസ്തുവിന് എതിരാണ്

ബൈബിളും കാനൻ നിയമവുമൊക്കെ വ്യക്തമാക്കുന്നത്, മനുഷ്യരുടെ ഇടയിൽ വിവേചനമില്ലാത്ത, നിരുപാധികമായ സ്നേഹം പുലർന്നുകാണാനാണ് യേശുക്രിസ്തു ആഗ്രഹിച്ചതെന്നാണ്. മനുഷ്യരെ യഹൂദരെന്നോ അല്ലാത്തവരെന്നോ അടിമകളെന്നോ സ്വതന്ത്രരെന്നോ, സ്ത്രീയെന്നോ പുരുഷനെന്നോ തിരിച്ചുകാണാൻ അവിടുന്ന് ആഗ്രഹിച്ചില്ല. ക്ഷമയും ദയയുമായിരുന്നു അവിടുത്തെ ആയുധങ്ങൾ. മനുഷ്യരെയെല്ലാം തുല്യരായി കാണാൻ അവിടുന്ന് ഉപദേശിച്ചു. ശത്രുക്കളെ പോലും സ്നേഹിക്കാൻ പറഞ്ഞു. നിന്നെ മറ്റുള്ളവരിൽ കാണുക; എങ്കിലേ മറ്റുള്ളവരിൽ ദൈവത്തെ കാണാൻ നിനക്കു കഴിയൂ. അപ്പോഴേ നിന്റെ പ്രാർത്ഥന അർത്ഥവത്താകൂ. ക്രിസ്തുമതത്തെ സംബന്ധിച്ച് വിവേചനം തെറ്റാണ്, പാപമാണ്. കാരണം, ക്രിസ്തുവിനെതിരാണത്. അതുകൊണ്ടുതന്നെ, ക്രിസ്തുമതം ജാതിവ്യവസ്ഥ അംഗീകരിക്കുന്നില്ല.

ഇന്ത്യൻ പൗരന് ഇഷ്ടമുള്ള ഭാഷ സ്വീകരിക്കാം, സംസ്കാരം പിന്തുടരാം. അവന് അഭിപ്രായസ്വാതന്ത്ര്യമുണ്ട്. ഇഷ്ടമുള്ള മതം സ്വീകരിക്കാനും പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുണ്ട്. ഏതു മതപ്രസ്ഥാനത്തിനും സ്വന്തം തത്വങ്ങളനുസരിച്ച് നിലനില്ക്കാം. എന്നാൽ, ഇവിടത്തെ പ്രസക്തമായ ചോദ്യം, അന്യരൂപതയിൽപ്പെട്ട ഒരു വ്യക്തിയെ ജീവിതപങ്കാളിയാക്കാൻ തീരുമാനിച്ച ക്നാനായനെ അതിന്റെപേരിൽ രൂപതയിൽനിന്നു പുറത്താക്കാമോ എന്നതാണ്. ഇന്ത്യൻ ഭരണഘടനയുടെ 25, 26, 29 ആർട്ടിക്കിൾ പ്രകാരമുള്ള അവരുടെ അവകാശങ്ങൾ സുരക്ഷിതമാണ്. എന്നാൽ, ക്നാനായ കത്തോലിക്കർ ഒരു പ്രത്യേക മതവിഭാഗമല്ല; അതുകൊണ്ട് എൻഡോഗമി ആചരണവും ആ ആചരണം തെറ്റിച്ചതിനുള്ള ശിക്ഷാനടപടിയും മതപരമായ ആചരണമല്ല. അതുകൊണ്ടുതന്നെ ഭരണഘടനയുടെ ആർട്ടിക്കിൾ 26 (b) യുടെ സംരക്ഷണം അതിനു ലഭിക്കുകയില്ല.

## വ്യക്തിസ്വാതന്ത്ര്യത്തിലുള്ള കടന്നുകയറ്റം

നിയമപരമായല്ലാതെ ഒരു ഇന്ത്യൻ പൗരന്റെ വ്യക്തിസ്വാതന്ത്ര്യത്തിൽ കടന്നുകയറാൻ ആർട്ടിക്കിൾ 21 അനുവദിക്കുന്നില്ല. ജീവിതപങ്കാളിയെ തിരഞ്ഞെടുക്കാനുള്ള പൗരന്റെ അവകാശം മൗലികമാണ്. എൻഡോഗമി ഈ അവകാശത്തെയാണു വെല്ലുവിളിക്കുന്നത്. പൗരന്റെ മൗലികാവകാശമാണ് ഇവിടെ അപകടത്തിലായിരിക്കുന്നത്. സുപ്രീംകോടതി ഇക്കാര്യം എടുത്തുപറയുന്നുണ്ട്. പൗരന്റെ ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണിത്. ക്നാനായരെ മാത്രമേ വിവാഹം ചെയ്യാവൂ എന്നു നിർബന്ധിക്കാൻ ആർക്കും അധികാരമില്ല. അന്യരൂപതയിൽനിന്നു വിവാഹം ചെയ്തതിന്റെ പേരിൽ അംഗത്വം അവസാനിപ്പിക്കാനും ആർക്കും അധികാരമില്ല. പൗരന്റെ വ്യക്തിപരമായ അവകാശങ്ങളുടെ ലംഘനവുമാണിത്.

സുപ്രീംകോടതിയുടെ വാക്കുകൾ ശ്രദ്ധിക്കൂ:

“നമ്മുടേത് സ്വതന്ത്ര ജനാധിപത്യ രാജ്യമാണ്. ഒരു വ്യക്തി മേജറായാൽ, അയാൾക്ക് ഇഷ്ടമുള്ള വ്യക്തിയെ വിവാഹം ചെയ്യാം. അതു മിശ്രവിവാഹമാണെങ്കിൽ, മാതാപിതാക്കൾക്ക് താത്പര്യമില്ലാത്തപക്ഷം അവരെ സ്വതന്ത്രമാക്കുക മാത്രമാണ് അവർക്കു ചെയ്യാവുന്നത്. അവരെ ഭീഷണിപ്പെടുത്തുകയോ ബലംപ്രയോഗിച്ച് ഉപദ്രവിക്കുകയോ ചെയ്യാനുള്ള അവകാശമില്ല.”

സ്വന്തം മക്കളുടെ വിവാഹകാര്യത്തിൽ മാതാപിതാക്കളുടെപോലും അവകാശം ഇത്ര പരിമിതമാണെങ്കിൽ ഒരു മതസ്ഥാപനത്തിന് ഒരു വ്യക്തിയുടെ മൗലികാവകാശത്തിന്മേൽ വെറും ആചാരത്തിന്റെ പേരിൽ കടന്നുകയറാൻ എന്തവകാശം?

സുപ്രീംകോടതി വീണ്ടും പറയുന്നു: “ജീവിക്കാനുള്ള അവകാശം ഭരണഘടന നമുക്ക് ഉറപ്പുനല്കുന്നു. എന്തു വിശ്വസിക്കണമെന്നുള്ളതും നമ്മുടെ സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്. വിശ്വാസികൾക്കും അവിശ്വാസികൾക്കും ഭരണഘടന സംരക്ഷണം നൽകുന്നുണ്ട്. ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്നതിൽ സമുദായത്തിന് ഒരു പങ്കും നിർവഹിക്കാനില്ല.”

ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്നതിൽ വ്യക്തികൾക്കുള്ള അവകാശത്തിനുമേൽ ഒരു സമുദായത്തിനും അധികാരമില്ലെങ്കിൽ ക്നാനായ സഭയ്ക്ക് ആ വിലപ്പെട്ട അവകാശം നിഷേധിക്കാൻ എന്തധികാരം?

## സ്വകാര്യത വ്യക്തിയുടെ അവകാശമാണ്

“ജീവിക്കാനും വ്യക്തിപരമായ സ്വാതന്ത്ര്യത്തിനുമുള്ള അവകാശം ഭരണഘടന ഉണ്ടാക്കിയതല്ല. ഓരോ വ്യക്തിയുടെയും അടിസ്ഥാനപരവും അവിഭാജ്യവുമായ സ്വകാര്യ അവകാശമാണത്. വ്യക്തിയുടെ സ്വകാര്യത വ്യക്തിബന്ധങ്ങൾ, കുടുംബജീവിതത്തിന്റെ വിശുദ്ധി, വിവാഹം, സന്താനോല്പാദനം, ഭവനം, ലൈംഗികജീവിതം ഇവയുടെ സംരക്ഷണത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. സ്വകാര്യത ഒരു വ്യക്തിയുടെ അവകാശമാണ്. വ്യക്തിപരമായ തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യമാണ് അതിന്റെ കാതൽ.”

സുപ്രീംകോടതിയുടെ വീക്ഷണത്തിൽ, സ്വകാര്യത ഒരു പൊതു അവകാശവും മൗലികാവകാശവുമാണ്. ഉള്ളടക്കത്തിൽ രണ്ടും തുല്യമാണ്. ഉത്തരവാദിത്വത്തിന്റെ കാര്യത്തിലേ അന്തരമുള്ളു. മനുഷ്യന്റെ സ്വകാര്യ അവകാശമാണ് വിവാഹത്തിനുള്ള അവകാശം. അതു മനുഷ്യന്റെ അഹങ്കാരവും അഭിമാനവുമാണ്.

വിവാഹത്തിനുള്ള അവകാശം വ്യക്തിസ്വാതന്ത്ര്യത്തിന്റെ അവിഭാജ്യഘടകമാണ്. ഇന്ത്യൻ ഭരണഘടന നമുക്ക് ഉറപ്പാക്കുന്ന ജീവിക്കാനുള്ള അവകാശത്തിലാണ് അതു പ്രതിഷ്ഠിച്ചിരിക്കുന്നത്. ആചാരത്തിന്റെ പേരിൽ ആർക്കും അതു തകർക്കാനാവില്ല. സ്വതന്ത്രനായ മനുഷ്യന്റെ സന്തോഷകരമായ ജീവിതത്തിന് വിവാഹം ചെയ്യാനുള്ള സ്വാതന്ത്ര്യമെന്ന വ്യക്തിപരമായ അവകാശം അനിവാര്യമാണെന്ന് പണ്ടേ ജനങ്ങൾ ഗ്രഹിച്ചിരുന്നു. നിറത്തിന്റെയും വർഗ്ഗത്തിന്റെയും മറ്റുംപേരിൽ നിയമങ്ങൾ ഉണ്ടാക്കി മനുഷ്യന്റെ വിവാഹം ചെയ്യാനുള്ള സ്വാതന്ത്ര്യം നശിപ്പിക്കാനുള്ള ശ്രമങ്ങളെല്ലാം വിവിധ സെക്കുലർ കോടതികൾ തകർത്തുകളഞ്ഞു. അതിനാൽ, ഭരണഘടനയുടെ ആർട്ടിക്കിൾ 21-ൽ പറയുന്ന വിവാഹത്തിനുള്ള അവകാശത്തിന്റെ വ്യക്തമായ നിഷേധമാണ് എൻഡോഗമി ആചരണം എന്നു മനസ്സിലാക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. അതൊരു പൊതു അവകാശവും മൗലികാവകാശവുമാണ്. എൻഡോഗമിയുടെ പേരിൽ ഒരു ക്നാനായന്റെ അംഗത്വം തിരിച്ചെടുക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25 നമുക്ക് ഉറപ്പാക്കുന്ന അവകാശത്തിന്റെ ലംഘനമാണ്.

ചുരുക്കത്തിൽ, ക്നാനായർ തുടർന്നുവരുന്ന നിർബന്ധിത എൻഡോഗമി ആചരണം ബൈബി

ളിനും കാനൻ നിയമങ്ങൾക്കും വ്യക്തിഗത നിയമങ്ങൾക്കും വിശ്വാസപ്രമാണത്തിനും ഇന്ത്യൻ ഭരണഘടനയ്ക്കും അന്താരാഷ്ട്ര ഉടമ്പടികൾക്കും എതിരാണ്. ക്നാനായ രൂപതയിൽനിന്നു പുറത്താക്കപ്പെടുന്ന വ്യക്തികൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഇത്തരം പുറത്താക്കൽ നടപടി മറ്റു ക്നാനായരെയും ഭയാശങ്കകളിൽ പെടുത്തുകയും സ്വന്തം പൗരാവകാശങ്ങൾപോലും മറക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും.

(1) അതിനാൽ, അന്യരൂപതയിലെ വ്യക്തിയുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നതു വഴി കോട്ടയം അതിരൂപതയിൽപ്പെട്ട ഒരംഗത്തിന്റെയും രൂപതാ അംഗത്വം നഷ്ടപ്പെടാൻ പാടില്ല.

(2) കോട്ടയം അതിരൂപതയിൽപ്പെട്ട ഒരു വ്യക്തിയെയും അന്യരൂപതയിൽനിന്നു ജീവിത പങ്കാളിയെ തിരഞ്ഞെടുത്തതിന്റെ പേരിൽ ശിക്ഷാനടപടികൾക്കു വിധേയനാക്കാൻ പാടില്ല.

(3) ജീവിതപങ്കാളി കോട്ടയം രൂപതയിൽ നിന്നോ പുറത്തുനിന്നോ ആണെങ്കിലും ഏവരുടെയും വിവാഹകൂദാശ ഒരേപോലെ പരികർമ്മം ചെയ്തുനൽകണമെന്ന് ഇടവക വൈദികർക്ക് കർശനനിർദ്ദേശം നൽകുന്നു.

(4) മറ്റു നിയമതടസ്സമൊന്നുമില്ലെങ്കിൽ അന്യരൂപതക്കാരായതുകൊണ്ടുമാത്രം കോട്ടയം അതിരൂപതയിൽ അംഗത്വം ലഭിക്കാതെപോയ ജീവിതപങ്കാളികൾക്കും മക്കൾക്കും അതിരൂപതയിൽ അംഗത്വം നൽകി തിരിച്ചെടുക്കാൻ കർശനനിർദ്ദേശം നൽകുന്നു.

(ഒപ്പ്)

**സുധീഷ്കുമാർ എസ്.**

(അഡീഷണൽ സബ് ജഡ്ജ്, കോട്ടയം)

കോട്ടയം,

30-04-2021.